# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.1)873/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/09/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.1)873/25 തീയ്യതി: 03/09/2025

## എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2025 | 25-07-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-07-2025 | 25-07-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയാബീവി ജെ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ.
ശ്രീമതി പുഷ്പ ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
കുമാരി സൂര്യശ്രീ ബി., ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിതമോൾ എം വി | പ്രസിഡന്റ് | 01-04-2024 | 14-10-2024 |
| ശ്രീ റോയി ഔസേഫ് (വൈസ് പ്രസിഡന്റ്)-ചാർജ് | പ്രസിഡന്റ് | 15-10-2024 | 03-11-2024 |
| ശ്രീമതി ജാൻസി ഡേവിസ് | പ്രസിഡന്റ് | 04-11-2024 | 11-11-2024 |
| ശ്രീ റോയി ഔസേഫ് (വൈസ് പ്രസിഡന്റ്)-ചാർജ് | പ്രസിഡന്റ് | 12-11-2024 | 11-12-2024 |
| ശ്രീമതി ജാൻസി ഡേവിസ് | പ്രസിഡന്റ് | 12-12-2024 | 01-01-2025 |
| ശ്രീ റോയി ഔസേഫ് (വൈസ് പ്രസിഡന്റ്)-ചാർജ് | പ്രസിഡന്റ് | 02-01-2025 | 31-01-2025 |
| ശ്രീമതി ജാൻസി ഡേവിസ് | പ്രസിഡന്റ് | 01-02-2025 | 31-03-2025 |
| ശ്രീ ദീപു ദിവാകരൻ | സെക്രട്ടറി | 01-04-2024 | 07-02-2025 |
| ശ്രീ മുഹമ്മദ് ഹാഷിം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-02-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പാർവതി ജി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീ സജോമോൻ കെ എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ഇന്ദു കെ ആർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി പട്ടിമറ്റം | 01-04-2024 | 31-03-2025 |
| ഡോ.രഞ്ജിനി രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി കുമാരപുരം | 01-04-2024 | 01-02-2025 |
| ഡോ.ധന്യ കെ വി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി കുമാരപുരം | 02-02-2025 | 31-03-2025 |
| ഡോ.ജയശ്രീ പി വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 23-01-2025 |
| ഡോ.ഷൈനി ഹരിലാൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 24-01-2025 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.ബിന്ദു ഭാസ്ക്കരൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 03-11-2024 |
| ഡോ.അനൂപ് ജോസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 04-11-2024 | 31-03-2025 |
| ഡോ.അമിത ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ആനി വർഗ്ഗീസ് | ഹെഡ്മിസ്ട്രസ്സ്,ജി.എൽ.പി.എസ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈമ ജെ | ക്ഷീരവികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ആരതി ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി നീരജ എം ഗോപി | വി ഇ ഒ, പട്ടിമറ്റം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ ജോർജ് എം പി | വി ഇ ഒ, കുമാരപുരം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രമീള സി പി | വി ഇ ഒ, വെമ്പിള്ളി സർക്കിൾ | 01-04-2024 | 11-09-2024 |
| ശ്രീമതി ഷെജീന മൊയ്തീൻ | വി ഇ ഒ, വെമ്പിള്ളി സർക്കിൾ | 12-09-2024 | 31-03-2025 |
| ശ്രീമതി ഫിലോമിന ടീന എ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| ശ്രീമതി ജിലുഷിൻ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 08-08-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത | 1-1-2 |
| 4 | ഫെസ്റ്റിവൽ അഡ്വാൻസ്-ക്രമീകരിക്കാത്തത് | 1-1-3 |
| 5 | ഡി.സി.ബി-അക്കൗണ്ട്സ് വ്യത്യാസം | 1-1-4 |
| 6 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-10 |
| 16 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 17 | വണ്ടർലാ അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 18 | ജെ മാക്സ് തീയേറ്ററിന്റെ വിനോദ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 19 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-14 |
| 20 | സഞ്ജീവനം ആയുർവേദിക്ക് ഹോസ്പിറ്റലിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-15 |
| 21 | വസ്തുനികുതി - വഴി സൗകര്യത്തിനനുസരിച്ച് നികുതിയിൽ വർദ്ധനവ് വരുത്തിയില്ല | 1-16 |
| 22 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-17 |
| 23 | മൊബൈൽ ടവറുകളുടെയും സൂപ്പർമാർക്കറ്റുകളുടെയും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-18 |
| 24 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ | 1-19 |
| 25 | അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-20 |
| 26 | സ്റ്റെയിൽ ചെക്ക് പെയ്മെന്റ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-175637/-രൂപ തടസപ്പെടുത്തുന്നു | 1-21 |
| 27 | മൂന്ന് മാസത്തിൽ കൂടുതൽ കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ചു-6550/-രൂപ അധികച്ചെലവ് | 1-22 |
| 28 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല; ₹5563/- തടസ്സപ്പെടുത്തുന്നു | 1-23 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ പൂർണ്ണമായി | 1-24 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല; ₹1,00,151/- തടസ്സപ്പെടുത്തുന്നു | |
| 30 | ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം വാങ്ങൽ - നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല. | 1-25 |
| 31 | അനുപൂരക പോഷകാഹാര പദ്ധതി - സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തില്ല. | 1-26 |
| 32 | തെരുവുവിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കുന്നില്ല | 1-27 |
| 33 | ലേലം ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിച്ചില്ല - വാഹനം തുരുമ്പിച്ച് നാശോന്മുഖമായ അവസ്ഥയിൽ | 1-28 |
| 34 | പൊതു ടാപ്പുകളുടെ വെള്ളക്കരം - വൻതുക കുടിശിക | 1-29 |
| 35 | സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ് | 1-30 |
| 36 | ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. | 1-31 |
| 37 | എസ്.എസ്.കെ വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-32 |
| 38 | ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-33 |
| 39 | ദുരിതാശ്വാസനിധി - പ്രവർത്തനരഹിതം | 1-34 |
| 40 | ഇ-ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. | 1-35 |
| 41 | എം.സി.എഫ് നിർമ്മാണം-പൂർത്തീകരിക്കേണ്ടതാണ്. | 1-36 |
| 42 | ഓഡിറ്റ് ഇംപാക്ട് | 1-37 |
| 43 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ | 1-38 |
| 44 | നവംബർ മാസത്തെ ശമ്പളച്ചെലവ്-ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല | 1-39 |
| 45 | ജൽജീവൻ മിഷൻ-അവലോകനം | 1-40 |
| 46 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-41 |
| | **ഭാഗം 2** | |
| 1 | കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കി: 7748/-രൂപ നഷ്ടം | 2-1 |
| 2 | തൊഴിൽ നികുതി കുറവായി ഈടാക്കിയത് വഴി ഗ്രാമ പഞ്ചായത്തിന് ₹ 6,390/- നഷ്ടം | 2-2 |
| 3 | വഴി സൗകര്യത്തിനനുസരിച്ച് വസ്തുനികുതിയിന്മേൽ വർദ്ധനവ് വരുത്തിയില്ല; 3989.06/- രൂപ നഷ്ടം | 2-3 |
| | **ഭാഗം 3** | |
| 1 | മൂന്ന് മാസത്തിൽ കൂടുതൽ കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ചു-6550/-രൂപ അധികച്ചെലവ് | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |

| | | |
|---|---|---|
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2025 ലെ 3(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2025-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: 03.09.2025

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹26753283.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+ Investing+ Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1892176.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ

പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഫെസ്റ്റിവൽ അഡ്വാൻസ്-ക്രമീകരിക്കാത്തത്

വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂൾ പ്രകാരം 460100101 Loans, Advances And Deposits ൽ 14,000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് കാണിക്കുന്നു. ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം8/19.07.2025) മറുപടി ലഭ്യമാക്കിയില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-1-4 ഡി.സി.ബി-അക്കൗണ്ട്സ് വ്യത്യാസം

ഡി.സി.ബി. പ്രകാരം Profession Tax Employees Demand – 4501549/- ആണ്. എന്നാൽ Income And Expenditure( I 1 )Tax Revenue പ്രകാരം ഉള്ളത് 4553990/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-5 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം ആസ്തി രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

## 1-2 ബജറ്റ്

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 05.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 08.01.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹13,04,098.00 | ₹47,77,098.00 |
| വരവ് | ₹34,05,85,000.00 | ₹40,43,00,205.00 |
| ആകെ | ₹34,18,89,098.00 | ₹40,90,77,303.00 |
| ചെലവ് | ₹33,80,23,000.00 | ₹40,48,07,401.00 |
| നീക്കിയിരുപ്പ് | ₹38,66,098.00 | ₹42,69,902.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹44307911.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹87436884.00 |
| ആകെ | : | ₹131744795.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹60683601.00 |
| നീക്കിയിരുപ്പ് | : | ₹71061194.00 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24282720 | 24282720 | 20279259 | 0 | 4003461 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13313000 | 13313000 | 11911724 | 0 | 1401276 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 33666000 | 33666000 | 23676962 | 0 | 9989038 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8306000 | 8306000 | 5538219 | 0 | 2767781 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 2211027 | 4350346 | 6561373 | 840734 | 5720639 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 3346767 | 8990500 | 12337267 | 499607 | 11837660 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | -- | 5127839 | 5127839 | 3910972 | 0 | 1216867 |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied-ട്രഷറി) | -- | 1503 | 1503 | 0 | 0 | 1503 |
| സ്ലോട്ടർ ഹൗസ് 320200302 | 95489 | - | 95489 | 95489 | 0 | 0 |
| ഫ്ളഡ് റിലീഫ് ഗ്രാന്റ് 320100192 | 0 | 100000 | 100000 | 0 | 100000 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് – 320100198 | 3205756 | 0 | 3205756 | 2497360 | 708396 | 0 |
| ഐ.സി.ഡി.എസ് – 320100196 | 4973191 | 2212043 | 7185234 | 2179754 | 5005480 | 0 |
| സ്റ്റേറ്റ് സ്പോൺസേർഡ് ഫണ്ട് – 320200399 | 908057 | 0 | 908057 | 0 | 908057 | 0 |
| സാനിട്ടേഷൻ – 320100182 | 207340 | 0 | 207340 | 207340 | 0 | 0 |
| ഗ്രാന്റ് മറ്റ് പർപ്പസ് 320300199 | 1521980 | 937680 | 2459660 | 421647 | 2038013 | 0 |
| ഗ്രാന്റ് മറ്റ് സ്ഥാപനങ്ങൾ 320400199 | 28097 | 0 | 28097 | 0 | 28097 | 0 |
| സാംക്രമിക രോഗ പ്രതിരോധ ധനസഹായം 320900102 320400199 | 16366 | 0 | 16366 | 0 | 16366 | 0 |

കുറിപ്പ്:- സോഴ്സ് ഡിഡക്ഷൻ, ക്യാപിറ്റൽ അക്കൗണ്ട് തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | സോഴ്സ് ഡിഡക്ഷൻ | ക്യാപിറ്റൽ അക്കൗണ്ട് | മറ്റുള്ളവ |
|---|---|---|---|
| വികസനഫണ്ട് - ജനറൽ | 3008106 | | |
| വികസനഫണ്ട്-എസ്.സി.പി. | 374000 | - | |
| കേന്ദ്ര ധനകാര്യകമ്മീഷൻ-Untied | - | 831911 | |
| കേന്ദ്ര ധനകാര്യകമ്മീഷൻ-Tied | | 4410579 | |
| തൊഴിലുറപ്പ് | | 9423189 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം ) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | പൂർത്തീകരിച്ചത് (എണ്ണം ) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 234 | *200542996 | 231 | 86682985 | 117 | 114 | 3 | 43.22% |

*ജി.ഒ പ്രോജക്ട് ഉൾപ്പെടെ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | ₹1782575 | ₹1782575 | ₹1782446 | ₹129 |
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹28373931 | ₹28373931 | ₹28373931 | 0 |
| ആകെ | 0 | ₹30156506 | ₹30156506 | ₹30156377 | ₹129 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹7666400.00 | 486 |
| വാർദ്ധക്യകാല പെൻഷൻ | ₹33118600.00 | 2279 |
| വിധവാപെൻഷൻ | ₹18232200.00 | 1177 |
| വികലാംഗപെൻഷൻ | ₹4954000.00 | 312 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹550400.00 | 35 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2025 തീയതിയിൽ 3 PMന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1500/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ട മേഖലകൾ ചുവടെ ചേർക്കുന്നു.

1. മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഭാവനം ചെയ്ത പ്രൊജക്ടുകളുടെ ഏകദേശം മൂന്നിൽ ഒന്ന് മാത്രമാണ് നടപ്പിലാക്കിയത്
2. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായുള്ള നടപടികൾ കൈക്കൊള്ളേണ്ടതും കൈമാറുന്ന തുക സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3. വിനോദ നികുതിയിൽ ജനവരി 2023 മുതലുള്ള കുടിശിക നിലനിൽക്കുന്നു.
4. ഇ-ടെൻഡർ ഫീ പഞ്ചായത്തിന്റെ വരവാണ്. ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിന്ന് യഥാസമയം കൈമാറി പഞ്ചായത്ത് ഫണ്ടിൽ വരവ് രേഖപ്പെടുത്തേണ്ടതാണ്.
5. തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്ത രേഖകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇതിൽ പഞ്ചായത്തിൽ സപ്ലൈ ചെയ്ത മെറ്റീരിയലുകളുടെ ബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. സർക്കാർ സ്ഥാപനമെന്ന നിലയിൽ 2.5 ലക്ഷത്തിൽ അധികം വരുന്ന ബില്ലുകളുടെ ജി.എസ്.ടി. 2% സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.
6)തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിച്ച് എല്ലാവാർഡുകളിലും തെരുവ് വിളക്ക് മെയിന്റനൻസ് പൂർത്തീകരിക്കേണ്ടതാണ്.
7) ഒരേ പ്രവർത്തികൾക്ക് വിവിധ ടെണ്ടറുകൾ ക്ഷണിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

8 )പ്രോക്യുർമെന്റ് മാന്വൽ പ്രകാരം പർച്ചേസുകൾ നടത്തേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

സ.ഉ.(സാധാ) നം. 1149/2024/ത.സ്വ.ഭ.വ, തീയതി 27-06-2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പുതിയ നിരക്കുകൾ 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, എം എസ് പ്ലൈവുഡ്സ്, മിനി മുത്തൂറ്റ് നിധി, പട്ടിമറ്റം, സാംസൺ മോട്ടോർസ്, ട്രാവൻകൂർ ഹൈഡ്രോ ടെക് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി

ഈടാക്കിയതിൽ ആകെ ₹6,390/- കുറവുണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

2. ചുവടെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ/സ്ഥാപനത്തിന്റെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1. | കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 2. | എക്സൽ ഇന്റർനാഷണൽ | ജീവനക്കാരുടെ തൊഴിൽ നികുതി | 2 |
| 3. | ഫെഡറൽ ബാങ്ക്, പട്ടിമറ്റം | ജീവനക്കാരുടെ തൊഴിൽ നികുതി | 2 |
| 4. | ഗോകുലം വിദ്യാ നികേതൻ പബ്ലിക് സ്കൂൾ | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുവാനും സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുവാനും നിർദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19.07.2025) മറുപടി ലഭിച്ചതിൽ, ടി സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു.
ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽനിന്ന് തൊഴിൽ നികുതി ഈടാക്കി, വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും.
2024-2025 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | പേര് |
|---|---|
| 1. | ഷാജഹാൻ പി കെ |
| 2. | ടി സി മുഹമ്മദ് |
| 3. | അബ്ബാസ് കെ പി |
| 4. | പി വി ജോർജ് |
| 5. | എം പി മക്കാർ |
| 6. | നാസർ എം എ |
| 7. | ഷാജി കെ കെ |
| 8. | അലി എം എം |
| 9. | കെ വി ജമാൽ |
| 10. | കുര്യാക്കോസ് മാത്യു |
| 11. | എൽദോ കെ പി |

ഇവർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (27/23.07.2025) മറുപടി ലഭിച്ചില്ല. ഇവർ ഈ പഞ്ചായത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പഞ്ചായത്തിലോ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വണ്ടർലാ അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദ നികുതി ഈടാക്കിയിട്ടില്ല

സ. ഉ. (കൈ) നം. 17/2024 ത. സ്വ. ഭ. വ. തിരുവനന്തപുരം തീയതി 31.01.2024 -ൽ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ടതായ വിനോദ നികുതി നിരക്കുകൾ നിഷ്കർഷിച്ചിട്ടുണ്ട്.

1961- ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ആക്ടിലെ വകുപ്പ് 3 ബി പ്രകാരം ഒരു അമ്യൂസ്മെന്റ് പാർക്കിന്റെ ഉടമസ്ഥൻ ഓരോ വിഭാഗത്തിനും അനുസൃതമായി, പാർക്കിന്റെ മൂലധന നിക്ഷേപത്തിനും വിസ്തീർണ്ണത്തിനും അനുസൃതമായി വ്യക്തമാക്കിയ നിരക്കുകളുടെ പരിധിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന വാർഷിക വിനോദ നികുതി അടയ്ക്കേണ്ടതാണ്.
കുന്നത്തുനാട് പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന വണ്ടർ ലാ അമ്യൂസ്മെന്റ് പാർക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക വിനോദ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/17.07.2025) മറുപടി ലഭിച്ചതിൽ വിനോദനികുതി ഈടാക്കുന്നതിനെതിരെ വണ്ടർലാ

ഹോളിഡേയ്സ് ലിമിറ്റഡ് ബഹു. ഹൈക്കോടതിയിൽ WPC നമ്പർ 19331/24 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ടി സ്ഥാപനം 2024-25 സാമ്പത്തിക വർഷം വിനോദ നികുതി അടവാക്കിയിട്ടില്ലായെന്ന് അറിയിച്ചു.

ടി കേസിന്റെ നിലവിലുള്ള സ്ഥിതിയും, കേസിന്റെ അന്തിമ തീരുമാനം അനുസരിച്ച് വിനോദ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്ന തുടർനടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 ജെ മാക്സ് തീയേറ്ററിന്റെ വിനോദ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സ. ഉ. (കൈ) നം. 17/2024 ത. സ്വ. ഭ. വ തിരുവനന്തപുരം തീയതി 31.01.2024 -ൽ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ടതായ വിനോദ നികുതി നിരക്കുകൾ നിഷ്കർഷിച്ചിട്ടുണ്ട്.

പട്ടിമറ്റത്ത് 7/687 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന JMAX By GEJO തീയേറ്ററിന്റെ പ്രൊപ്രൈറ്ററായ ശ്രീമതി മേരി ജോണിൽ നിന്നും 2023 മെയ് മുതൽ 2025 ഫെബ്രുവരി വരെയുള്ള കാലയളവിലെ വിനോദനികുതി കുടിശ്ശികയായ 28,01,861.09 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ 27.03.2025 ൽ നടന്ന അടിയന്തര യോഗത്തിൽ, ഭരണ സമിതി തീരുമാനം എടുത്തിട്ടുള്ളതാണ്.

കുടിശ്ശികയായ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, ടി സ്ഥാപനത്തിന്റെ ലൈസൻസ് 2024-25 സാമ്പത്തിക വർഷത്തേക്ക് പുതുക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 3/17.7.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചതിൽ ടി തിയേറ്റർ ഉടമ ചുവടെ ചേർത്ത പ്രകാരം വിനോദനികുതിയിനത്തിൽ തുക അടവാക്കിയിട്ടുള്ളതാണെന്നും, 2024-2025 സാമ്പത്തിക വർഷത്തിലേയ്ക്ക് ടി സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലായെന്നും അറിയിച്ചു.

| തീയതി | രസീത് നമ്പർ | അടവാക്കിയ തുക (₹) |
|---|---|---|
| 28.03.2025 | 1240000913 | 1,19,686/- |
| 28.03.2025 | 1240000914 | 41,504/- |
| 28.03.2025 | 1240000915 | 72,955/- |
| 22.05.2025 | R-G071006-25001904 | 4,92,370/- |
| ആകെ | | 7,26,515/- |

അടവാക്കുവാൻ ബാക്കിയുള്ള കുടിശ്ശിക തുകയായ 20,75,346/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു:

1. വാടക കരാറുകൾ 2022-23 സാമ്പത്തിക വർഷത്തിന് ശേഷം പുതുക്കിയിട്ടില്ല

കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് വാടകയ്ക്കായി 31 കെട്ടിടങ്ങൾ കൊടുത്തിരിക്കുന്നതിൽ ആകെ 9 കെട്ടിടങ്ങൾക്ക് മാത്രമേ വാടക കരാറുകൾ ചമച്ചിട്ടുള്ളൂ. 2022-23 ൽ തയ്യാറാക്കിയ ഈ കരാറുകൾ നാളിതുവരെ പുതുക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകളിൽ ഒന്നിലും കെട്ടിടം വാടകയ്ക്കെടുത്ത കാലാവധിയോ, കെട്ടിടത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയോ രേഖപ്പെടുത്തിയിട്ടില്ല.

2. വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രികയുടെ B14 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| Rent Receivables From Buildings (Current) | 38,390/- |
| Rent Receivables From Buildings (Arrears) | 49,591/- |
| ആകെ കുടിശ്ശിക തുക | 87981/- |

3. ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടക 2024-25 സാമ്പത്തിക വർഷത്തേക്ക് ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് |
|---|---|
| 1/481 | വർഗീസ് ജേക്കബ് |
| 1/482 | പി കെ സലിം |

| | |
|---|---|
| 1/483 | സി ജി ബേബി |
| 1/484 | ജോണി ജോസഫ് |
| 1/485 | പി പി ഏലിയാസ് |

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15/21.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചതിൽ, 2025-26 വർഷത്തേയ്ക്കുള്ള കരാറുകൾ ടി ഉടമകളിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതാണെന്നും, വാടക ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക തുക അടിയന്തിരമായി നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതുമാണെന്ന് അറിയിച്ചു.
പരാമർശം 3 ൽ ഉൾപ്പെട്ട 1/481, 1/482, 1/483, 1/484, 1/485 എന്നീ നമ്പറുകളുള്ള കടമുറികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അപകടാവസ്ഥയിലായതിനെ തുടർന്ന് കെട്ടിടം ഒഴിയുന്നതിന് വാടകക്കാർക്ക് നോട്ടീസ് നൽകുകയും ആയതിനെ തുടർന്ന് പ്രസ്തുത ഉടമകൾ കേരള ഹൈക്കോടതിയുടെ മുൻപാകെ WP(C) നം. 12393/2024 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും, ആയതിൽ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

കുടിശ്ശികയായ വാടക തുക ഈടാക്കുകയും, പരാമർശം 3 ൽ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വിഷയത്തിൽ കോടതി വിധി പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സഞ്ജീവനം ആയുർവേദിക്ക് ഹോസ്പിറ്റലിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത

കുന്നത്തുനാട് പഞ്ചായത്തിന്റെ വാർഡ് 1, ചിറ്റനാടിൽ സ്ഥിതി ചെയ്യുന്ന 127/എ നമ്പർ കെട്ടിടമായ സഞ്ജീവനം ആയുർവേദിക്ക് ഹോസ്പിറ്റൽ എന്ന സ്ഥാപനം "ആശുപത്രികൾ" എന്ന ഉപയോഗക്രമത്തിലാണ് സഞ്ചയയിൽ, വസ്തു നികുതി നിർണ്ണയത്തിന് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്നത്.
ആശുപത്രിയുടെ വെബ്സൈറ്റ് പരിശോധിച്ചപ്പോൾ ഇവിടെ ആയുർവേദ ചികിത്സകൾ കൂടാതെ, ഗെയിം റൂം, 25 സീറ്റുകൾ ഉള്ള മൂവി തിയേറ്റർ, ഫാമിലി റൂം, ഡീലക്സ് റൂം, സ്വീറ്റ് റൂം ഉൾപ്പടെയുള്ള താമസ സൗകര്യങ്ങൾ, റെസ്റ്റോറന്റുകൾ എന്ന് വേണ്ട ഒരു റിസോർട്ടിൽ ലഭിക്കാവുന്ന എല്ലാ ആഡംബര സൗകര്യങ്ങളും ഉള്ളതായി കണ്ടു.
പഞ്ചായത്ത് കമ്മിറ്റി 21/08/2023 ൽ നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ച വസ്തുനികുതി നിരക്കുകൾ പ്രകാരം ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ₹170/ച.മീ. ആണെന്നിരിക്കെ, ഈ സ്ഥാപനത്തിന് ഈടാക്കിവരുന്ന നികുതി നിരക്ക് ₹4/ച. മീ ആണ്.
ടി സ്ഥാപനത്തിന്റെ വസ്തുനികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 5944.12 ച. മീ. |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | ₹4/ ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 23776.48/- രൂപ |

മേൽ അപാകതയ്ക്കുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 33/25.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ പരിഗണിച്ച് ആയതിന്റെ വസ്തുനികുതി നിരക്ക് പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി - വഴി സൗകര്യത്തിനനുസരിച്ച് നികുതിയിൽ വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ) ചട്ടം 6 പ്രകാരം, വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി അടിസ്ഥാന വസ്തുനികുതിയിന്മേൽ ഇളവുകളും വർധനവുകളും അനുവദിക്കുന്നതാണ്. ചട്ട പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവ് ബാധകമാണ്. 5 മീറ്ററിൽ കുറവും, 1 മീറ്ററിനെക്കാൾ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് ഇല്ല.

21.08.2023 ൽ നടന്ന സാധാരണ യോഗത്തിൽ, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ റോഡുകളെയും നടപ്പാതകളെയും റോഡിന്റെ വീതിക്കനുസരിച്ച് തരംതിരിച്ച് അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്.
2024-25 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ച 4/13C, 5/222B, 5/279A, 9/574C, 14/370A, 14/507E, 15/278A, 17/445B, 14/501E1-E10 എന്നീ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന/സമീപമുള്ള റോഡുകൾ 5 മീറ്ററിൽ കൂടുതൽ വീതിയുള്ളതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതാണെങ്കിലും, ടി കെട്ടിടങ്ങൾക്ക് സഞ്ചയയിൽ "1.5 മീറ്ററിൽ കൂടുതൽ" എന്ന് രേഖപ്പെടുത്തി വസ്തുനികുതിയിന്മേൽ ചുമത്താവുന്ന 20% വർധനവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇത് വഴി പഞ്ചായത്തിന് 2024-25 സാമ്പത്തിക വർഷത്തിൽ 3989.06/- രൂപയുടെ നഷ്ടം

സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-3 ൽ ചേർത്തിട്ടുണ്ട്.

## 1-17 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ 21.08.2023 ൽ നടന്ന സാധാരണയോഗത്തിലെ 4/1 തീരുമാനപ്രകാരം, 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിച്ച് അന്തിമമായി അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്. കൂടാതെ, 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോവർഷവും തൊട്ടുമുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം അടുത്ത അഞ്ച് വർഷത്തേക്ക് വർദ്ധനവ് വരുത്തുന്നതിനും തീരുമാനിച്ചു.

സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ കണ്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു:-

1. ചുവടെ ചേർത്തിരിക്കുന്ന, 2023-24 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കി നിശ്ചയിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീ .) | ഉപയോഗം/ പഴയനിരക്ക് | 2023-24 ൽ ഈടാക്കേണ്ടിയിരുന്ന പുതിയ നിരക്ക്, ഉപയോഗക്രമം | 5% വർദ്ധനവ് വരുത്തി 2024-25 ൽ ഈടാക്കേണ്ടിയിരുന്ന പുതിയ നിരക്ക് |
|---|---|---|---|---|---|---|
| 1. | 3/80/E | മുരളി അനന്തരാമൻ ഈശ്വരൻ | 150.32 | പാർപ്പിടാവശ്യം; ₹4/ ച മീ | ₹6/ ച.മീ, പാർപിടാവശ്യം - 300 ച.മീ. വരെയുള്ളവ | ₹6. 3/ ച. മീ |
| 2. | 3/247/ A | ഫെബിൻ ആന്റണി | 97.76 | | | |
| 3. | 9/363C | ചെറിയാൻ എം വി, അന്നമ്മ ചെറിയാൻ | 88.04 | | | |
| 4. | 9/266A | ചിഞ്ചു ചെറിയാൻ | 102.35 | | | |

ഒരേ കെട്ടിടത്തിന്റെ പല ഭാഗങ്ങൾ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചു.

വാർഡ് 12 - പെരിങ്ങാല നോർത്തിലെ കെ ഇ അലിയാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള, മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമമുള്ള, പെരിങ്ങാല-പുത്തൻകുരിശ് റോഡിന് സമീപമുള്ള 265 നമ്പർ കെട്ടിടത്തിന്റെ G1, G2, G3, G4, G5, G8, G9 എന്നീ ഭാഗങ്ങളെ പ്രഥമ മേഖലയിലും, G6, G7 എന്നീ ഭാഗങ്ങളെ ദ്വിതീയ മേഖലയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച മീ) | മേഖല |
|---|---|---|
| 265G1 | 31.75 | പ്രഥമം |
| 265G2 | 51.31 | പ്രഥമം |
| 265G3 | 61.91 | പ്രഥമം |
| 265G4 | 72.44 | പ്രഥമം |
| 265G5 | 60.59 | പ്രഥമം |
| 265G6 | 70.03 | ദ്വിതീയം |
| 265G7 | 72.44 | ദ്വിതീയം |
| 265G8 | 60.59 | പ്രഥമം |
| 265G9 | 88.94 | പ്രഥമം |

ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയത് വഴി, 265 G6, 265 G7 എന്നീ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% അനർഹമായ ഇളവ് ലഭിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 24/21.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 മൊബൈൽ ടവറുകളുടെയും സൂപ്പർമാർക്കറ്റുകളുടെയും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെയും സൂപ്പർമാർക്കറ്റുകളുടെയും

വസ്തുനികുതി ഇനത്തിൽ കുടിശ്ശിക നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മൊബൈൽ ടവറിന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക ( ₹ ) |
|---|---|---|---|
| വയോം നെറ്റ്വർക്സ് ലിമിറ്റഡ് | 1/16/A | 2023 ഒന്നാം അർദ്ധവർഷം - 2024 രണ്ടാം അർദ്ധവർഷം | 30,769/- |
| പ്രിൻസിപ്പൽ ജനറൽ മാനേജർ, ബി എസ് എൻ എൽ ഭവൻ | 7/528/A | 2013 ഒന്നാം അർദ്ധവർഷം – 2024 രണ്ടാം അർദ്ധവർഷം | 1,78,777/- |
| എ ടി സി ടെലികോം ടവർ കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 7/1138/A | 2023 ഒന്നാം അർദ്ധവർഷം – 2024 രണ്ടാം അർദ്ധവർഷം | 58,583/- |
| എം/എസ് അസെൻഡ് ഇൻഫ്രാസ്ട്രക്ചർ | 12/198/A | 2022 ഒന്നാം അർദ്ധവർഷം – 2024 രണ്ടാം അർദ്ധവർഷം | 13,706/- |
| ഇൻഡസ് ടവർസ് ലിമിറ്റഡ് | 13/333/B | 2023 ഒന്നാം അർദ്ധവർഷം – 2024 രണ്ടാം അർദ്ധവർഷം | 14,180/- |
| ആകെ | | | 2,96,015/- |

സൂപ്പർമാർക്കറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക ( ₹ ) |
|---|---|---|---|
| 7/1143/B | ശശി എം കെ | 2023 ഒന്നാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം | 2,98,997/- |
| 12/366/A | നിഷ സാദിക് | 2023 ഒന്നാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം | 1,13,745/- |
| ആകെ | | | 4,12,742/- |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ 25/23.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

1) കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി

സ.ഉ(കൈ)നം.97/2024 തീയതി 30.07.2024 ഉത്തരവിൽ കെട്ടിട നിർമ്മാണ പെർമിറ്റിന് ഈടാക്കേണ്ട നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ താമസാവശ്യത്തിനുള്ള 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ഫീസ് ചതുരശ്രമീറ്ററിന് ₹100.00 ആണ്. എന്നാൽ പഞ്ചായത്തിലെ രണ്ട് സ്പെഷ്യൽ റെസിഡൻസ് വിഭാഗത്തിൽ പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ താമസാവശ്യത്തിനുള്ളവ എന്ന വിഭാഗത്തിലുൾപ്പെടുത്താതെ മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് ₹90.00 നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ 7748/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക നമ്പർ 2-1-ൽ ചേർത്തിട്ടുണ്ട്.

2) പെർമിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷത്തെ കെട്ടിടാനുമതി സംബന്ധിച്ച രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പല കോളങ്ങളും പൂരിപ്പിച്ചിട്ടില്ലാത്തതായും, അനുമതി നൽകിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയുമാണ് സൂക്ഷിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ സർക്കാർ ഉത്തരവിലെ

നിർദ്ദേശങ്ങൾക്കനസൃതമായി സൂക്ഷിക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പട്ടിമറ്റം വില്ലേജ് ബ്ലോക്ക് 35 സർവേ നമ്പർ 200/4 (റീ സർവേ നമ്പർ 536/1-3)ൽ ഉൾപ്പെട്ട 7.38 ആർ (738ചതുരശ്ര മീറ്റർ) സ്ഥലത്ത് താഴത്തെ നിലയിൽ മാത്രമായി നിർമ്മിച്ചിരുന്ന ഷീറ്റ് റൂഫിംഗ് നടത്തിയിട്ടുള്ള, ശ്രീ മോഹനൻ, ഗാമ ഇൻഡസ്ട്രീസ്, പുന്നോർക്കോടം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഇതര വ്യവസായാവശ്യത്തിനുള്ള കെട്ടിടത്തിന് കുന്നത്തുനാട് ഗ്രമപഞ്ചായത്ത് 4/152 നമ്പർ നൽകിയിട്ടുള്ളതാണ്. വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയർ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 738 ചതുരശ്ര മീറ്റർ ആണ് രേഖപ്പെടുത്തിയിരുന്നത്. 17.01.2024 തീയതിയിൽ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് നിലവിൽ 760.95 ച.മീ. വിസ്തീർണ്ണം ആണുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട ഉടമയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ആകെ വിസ്തൃതിയിലും കൂടുതലായി വിസ്തീർണ്ണമുള്ളതിനാൽ ടി കെട്ടിടം സമീപ പ്ലോട്ടുകളിലേക്കുകൂടി വ്യാപിപ്പിച്ച് അനധികൃതമായി വിപുലീകരിച്ചിട്ടുള്ളതായും ഇത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെയും ലംഘനമാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ 22.01.2024-ലെ 40063/BAUV01/GPO/2023/2447/(4) നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ ഈ കെട്ടിടത്തിന്റെ അനധികൃതമായി കൂട്ടിച്ചേർത്തിട്ടുള്ള ഭാഗങ്ങൾ പൊളിച്ച് നീക്കി ക്രമവത്ക്കരിച്ചിട്ടുണ്ടോയെന്നും അതുവരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം ടി കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി 3 ഇരട്ടി വസ്തുനികുതി ഈടാക്കിയിട്ടുണ്ടോയെന്നും അറിയിക്കുന്നതിന് 17.07.2025-ൽ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഈ കെട്ടിടത്തിൽ വ്യവസായാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും, പ്രവർത്തനം നടക്കുന്നുണ്ടോയെന്നും കൂടി അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് പുറപ്പെടുവിച്ച താത്ക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക കാരണങ്ങളൊന്നും കെട്ടിട ഉടമ സമർപ്പിക്കാത്തതിനാൽ ഉത്തരവ് സ്ഥിരപ്പെടുത്തുകയും കെട്ടിടത്തെ അനധികൃത നിർമ്മാണത്തിന്റെ പട്ടികയിൽപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതായും അറിയിച്ചിട്ടുണ്ട്. കെട്ടിടം നിലവിൽ ക്രമവത്ക്കരിച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ WPC No.30224/2024 നമ്പർ കേസ് നിലവിലുള്ളതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ലായെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. കോടതി ഉത്തരവിന് വിധേയമായി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 സ്റ്റെയിൽ ചെക്ക് പെയ്മെന്റ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-175637/-രൂപ തടസപ്പെടുത്തുന്നു

2023-24 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടില്ല എന്ന കാരണത്താൽ 2024-25 വർഷം തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്നതു പ്രകാരം പുനരനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | തുക(₹) | വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ലാഭം മാർക്കറ്റ് | 7619 | 22400202/05.6.24 | അതിദാരിദ്ര്യം -ഭക്ഷണ കിറ്റിനു നൽകിയ തുക(പ്രൊജക്ട് നമ്പർ 42/2024) |
| 2 | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി | 50000 | 22400203/05.6.24 | കോക്ളിയാർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടിക്ക് അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി നൽകിയ തുക |
| 3 | അർബൻ ട്രാഷ് | 97264 | 22400204/05.6.24 | ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നൽകിയ തുക(പ്രൊജക്ട് നമ്പർ-186/24) |
| 4 | ലാഭം മാർക്കറ്റ് | 20754 | 224000205/05.6.24 | അതിദാരിദ്ര്യം -ഭക്ഷണ കിറ്റിനു നൽകിയ തുക(പ്രൊജക്ട് നമ്പർ 42/2024) |
| | ആകെ | 175637 | | |

തുക നൽകിയത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 6/18.7.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1. മുൻവർഷം അനുവദിച്ച തുക ലഭ്യമാകാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്ത്.

2. മുൻവർഷം അനുവദിച്ച പ്രസ്തുത തുകകൾ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ലഭിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ആയത് സൂചിപ്പിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ്.

3. 2024-25 വർഷം പുനരനുവദിച്ച തുക സ്ഥാപനങ്ങൾക്ക് ലഭ്യമായതിന്റെ രേഖകൾ,തുക കൈപ്പറ്റിയത് സംബന്ധിച്ച് സ്ഥാപനങ്ങൾ നൽകിയ കൈപ്പറ്റ് രസീത്.

4. തുക പുനരനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുത്തതിന്റെ വിശദാംശങ്ങൾ.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായുള്ള പ്രൊജക്ടുകൾ മുഖേന നൽകിയ തുകകളാണ് മേൽ പട്ടികയിലെ ക്രമ നം.1, 4 എന്നിവ പ്രകാരമുള്ളത്. എന്നാൽ തുക ലാഭം മാർക്കറ്റിന് ലഭ്യമാകാത്തത് സംബന്ധിച്ചും തുക പുനരനുവദിക്കുന്നത് സംബന്ധിച്ചും നിർവ്വഹണോദ്യോഗസ്ഥയായ അസി.സെക്രട്ടറി കത്തു നൽകിയിട്ടില്ല. ഇതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 175637/-രൂപ തടസപ്പെടുത്തുന്നു.

## 1-22 മൂന്ന് മാസത്തിൽ കൂടുതൽ കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ചു-6550/-രൂപ അധികച്ചെലവ്

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീമതി സുജ ടി.എസ്. 15.5.2024 മുതൽ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് അക്കൗണ്ടന്റ് ശ്രീ.വിനു പി.എൻ. 15.5.2024 മുതൽ 19.12.2024 വരെ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്യുതിനോടൊപ്പം ഹെഡ് ക്ലർക്കിന്റെ പൂർണ്ണ അധികച്ചുമതല വഹിച്ചതിനാൽ 11266/-രൂപ ചാർജ് അലവൻസ് ഇനത്തിൽ ടിയാന് അനുവദിച്ചു(വൗച്ചർ നമ്പർ-22400891/06.01.25).

കെ.എസ്.ആർ.പാർട്ട് 1 റൂൾ 53 പ്രകാരം പൂർണ്ണ അധികച്ചുമതലയിൽ ഇരുന്ന തസ്തികയുടെ മിനിമം ശമ്പളത്തിന്റെ 4 ശതമാനം നിരക്കിൽ പരമാവധി 3 മാസത്തേക്കു മാത്രമേ (90 ദിവസം) ചാർജ് അലവൻസിന് അർഹതയുള്ളൂ. 90 ദിവസത്തിൽ കൂടുതൽ കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ചതു മൂലം 6550/-രൂപ ശ്രീ.വിനു പി.എൻ, അക്കൗണ്ടന്റ് അധികമായി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം -3 ൽ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല; ₹5563/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ, 46/25 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| അടങ്കൽ തുക / ഫണ്ട് | ₹ 12,00,000/-, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക, ബിൽ നം/ തീയതി | ₹ 12,00,000/-<br>(₹5,00,000/- ; 371/10.12.2024,<br>₹7,00,000/- ; 529/03.03.2025) |

2024-25 വർഷം ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി ₹12,00,000/- ചെലവഴിച്ചതിൽ ആകെ ₹ 11,94,437/- യുടെ മരുന്നുകൾ മാത്രമേ ഇൻവോയ്സ് നമ്പർ 90366868/ 26.12.2024 (₹2,36,314/-), 90371572/ 29.01.2025 (₹1,17,591/-), 90375611/26.02.2025 (₹ 61,885/-), 90380727/ 29.03.2025 (₹84211/-), 90382200/30.03.2025 (₹6,88,923/-), 90387379/30.06.2025 (₹5513/-) പ്രകാരം ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ലഭിക്കുവാൻ അവശേഷിക്കുന്ന 5563/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 17/21.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, ബാക്കി മരുന്നുകൾ ലഭിക്കാത്തത് നിലവിൽ സ്റ്റോക്ക് തീർന്നതിനാൽ ഉള്ള കാലതാമസം കാരണമാണെന്ന് ഔഷധിയിൽ നിന്ന് വിവരം ലഭിച്ചതായി അറിയിച്ചു.
മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്നത് വരെ ₹5563/- തടസ്സത്തിൽ വെക്കുന്നു.

## 1-24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല; ₹1,00,151/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, 70/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക / ഫണ്ട് | ₹ 2,00,000/-, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക, ബിൽ നം/ തീയതി | ₹2,00,000/-<br>466/14.02.2025 |

2024-25 വർഷം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ എന്ന പ്രോജെക്ടിനായി ₹2,00,000/- ഹോംകോയ്ക്ക് നൽകിയതിൽ, ആകെ ₹99849/- യുടെ മരുന്നുകൾ മാത്രമേ ഇൻവോയ്സ് നം. LF-3101/26.03.2025 പ്രകാരം

ലഭിച്ചിട്ടുള്ളു. അവശേഷിക്കുന്ന ₹1,00,151/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 16/21.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ ഇൻഡന്റ് ഹോമിയോപതി വകുപ്പിന്റെ ഔദ്യോഗിക ഓൺലൈൻ സംവിധാനമായ AHIMS വഴി ഹോംകോയിലേയ്ക്ക് 11.06.2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും, ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ പ്രൊഡക്ഷൻ പ്രോസസ്സിലാണെന്നുള്ള വിവരമാണ് ലഭിച്ചതെന്നും അറിയിച്ചു.

മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്നത് വരെ ₹1,00,151/- തടസ്സപ്പെടുത്തുന്നു.

## 1-25 ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം വാങ്ങൽ - നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 229/25 |
| പ്രൊജക്ടിന്റെ പേര് | ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം വാങ്ങൽ |
| അടങ്കൽ | 500000/-<br>1)350000/-(കേന്ദ്രാവിഷ്കൃതഫണ്ട്)<br>2)30000/-(തനത് ഫണ്ട്)<br>3)120000/-(മറ്റുള്ളവ) |
| ചെലവ് | 1)350000/-<br>2)30000/-<br>3)120000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ടെണ്ടർ നടപടി ക്രമ പ്രകാരം "KUTTUKARAN GREEN PVT LTD" എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനത്തിൽ നിന്നും ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം 5 ലക്ഷം രൂപ മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച് വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ "KUTTUKARAN GREEN PVT LTD" ന് ബിൽ തുക നല്കിയപ്പോൾ നിയമാനുസൃത നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/20-7-25) മറുപടി ലഭ്യമാക്കിയിട്ടില്ല. CGST ആക്ട് 2017, വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1)ൽ സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. ആയതിനാൽ ഹരിത കർമ്മസേനയ്ക്ക് വേണ്ടിയുള്ള ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് നല്കിയ 5 ലക്ഷം രൂപയുടെ 2% തുകയായ 10000/- രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അനുപൂരക പോഷകാഹാര പദ്ധതി - സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തില്ല.

അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിയിൽ 2024-25 വർഷത്തിൽ മൂന്ന് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S2/25<br>അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ തുക | ₹3900000/-<br>(₹900000/-വികസന ഫണ്ട് – സാധാരണ വിഹിതം,<br>₹3000000/- ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |
| ചെലവ് തുക | 2889344/-<br>(₹900000/-വികസന ഫണ്ട്-സാധാരണ വിഹിതം,<br>₹1989344/- ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |

2.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | SO218/25<br>അങ്കണവാടി പോഷകാഹാര പരിപാടി |

| | |
|---|---|
| അടങ്കൽ തുക | ₹2048014/-<br>(₹186397/-വികസന ഫണ്ട്-സാധാരണ വിഹിതം,<br>₹1861617/- ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |
| ചെലവ് തുക | ₹190410/-(ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം) |

3.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,<br>പേര് | S006/25<br>അങ്കണവാടി പോഷകാഹാര പരിപാടി – എസ് സി |
| അടങ്കൽ തുക | ₹800000/-(എസ് സി പി) |
| ചെലവ് തുക | 465246/-(എസ് സി പി) |

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതി എന്ന പ്രോജക്ടിൽ കോമൺ ഫെസിലിറ്റി സെന്റർ, തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് എന്ന സ്ഥാപനത്തിൽ നിന്ന് താഴെ ചേർക്കുന്നതു പ്രകാരം വാങ്ങൽ നടത്തിയിട്ടുണ്ട്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|---|---|
| 1 | അമൃതം ഫുഡ് സപ്ലിമെന്റ് | 108 | 18.12.2024 | 124117/- |
| 2 | അമൃതം ഫുഡ് സപ്ലിമെന്റ് | 607 | 05.04.2024 | 51100/- |
| 3 | അമൃതം ഫുഡ് സപ്ലിമെന്റ് | 622 | 13.05.2024 | 109739/- |
| 4 | അമൃതം ഫുഡ് സപ്ലിമെന്റ് | 623 | രേഖപ്പെടുത്തിയിട്ടില്ല | 47250/- |
| 5 | അമൃതം ഫുഡ് സപ്ലിമെന്റ് | 039 | 21.08.2024 | 40020/- |
| 6 | അമൃതം ഫുഡ് സപ്ലിമെന്റ് | 058 | 24.09.2024 | 38775/- |
| 7 | അമൃതം ഫുഡ് സപ്ലിമെന്റ് | 089 | 15.11.2024 | 101693/- |
| 8 | അമൃതം ഫുഡ് സപ്ലിമെന്റ് | 022 | 21.08.2024 | 133206/- |
| 9 | അമൃതം ഫുഡ് സപ്ലിമെന്റ് | 057 | 24.09.2024 | 125610/- |
| 10 | അമൃതം ഫുഡ് സപ്ലിമെന്റ് | 074 | 18.10.2024 | 117859/- |
| 11 | അമൃതം ഫുഡ് സപ്ലിമെന്റ് | 116 | 09.01.2025 | 98117/- |
| 12 | അമൃതം ഫുഡ് സപ്ലിമെന്റ് | 139 | 21.02.2025 | 116816/- |
| 13 | അമൃതം ഫുഡ് സപ്ലിമെന്റ് | 153 | 15.03.2025 | 91188/- |
| 14 | അമൃതം ഫുഡ് സപ്ലിമെന്റ് | 692 | 27.03.2024 | 54075/- |
| 15 | അമൃതം ഫുഡ് സപ്ലിമെന്റ് | 691 | 27.03.2024 | 136335/- |
| | | ആകെ | | 1385900/- |

CGST ആക്ട് 2017, വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1)ൽ സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം കോമൺ ഫെസിലിറ്റി സെന്റർ, തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപ്പന്നം വാങ്ങിയപ്പോൾ 27718/- രൂപ ജി എസ് ടി-ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ലായെന്ന് കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 21.07.2025-ൽ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ഇക്കാര്യം അറിയില്ലായിരുന്നുവെന്നും ഇനിയുള്ള ബില്ലുകളിൽ നിന്ന് ജി എസ് ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനമെന്ന നിലയിൽ നിയമപ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ട ജി എസ് ടി കുറവ് ചെയ്തതിന് ശേഷം മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 തെരുവുവിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കുന്നില്ല

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)ആസ്തി രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവുമൊന്നും രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2)പരാതി രജിസ്റ്റർ: തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച

സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ. 15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി. തുക നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയുള്ള ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കേണ്ടതാണെന്നും സർക്കുലർ നമ്പർ-65529/ഡി.സി.3/12/ത.സ്വ.ഭ.വ., തീയതി 12.03.2013 ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നാളിതുവരെയായും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് താരിഫ് കാർഡ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി, ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ പണം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3)നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-20/21-7-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി നാല് വ്യത്യസ്ഥ പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി, 1, 2, 3, 18 വാർഡുകളിലേക്ക് 101/25, 4, 5, 6, 8, 9 വാർഡുകളിലേക്ക് 102/25, 7, 12, 13, 16 വാർഡുകളിലേക്ക് 103/25, 10, 11, 14, 15, 17 വാർഡുകളിലേക്ക് 105/25 എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരേസ്വഭാവമുള്ള പദ്ധതിക്കായി വ്യത്യസ്ഥ പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നു.

2) 2024-25 വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി 4 ടെണ്ടറുകൾ ഏറ്റെടുത്തതിൽ 2 ടെണ്ടറുകൾ വീതം 2 കരാറുകാരാണ് ഏറ്റെടുത്തിരിക്കുന്നത്. 2024-25 വർഷത്തെ ചെലവ് രേഖകൾ പ്രകാരം 2 പ്രോജക്ടുകളാണ് ഉള്ളത് 103/25(അടങ്കൽ-250000/-തനത് ഫണ്ട്), 105/25(അടങ്കൽ-250000/-തനത് ഫണ്ട്), എന്നാൽ തൻവർഷം ചെലവ് വന്നിട്ടില്ല.

3) 7, 12, 13, 16 വാർഡുകളിലേക്ക് 103/25, 10, 11, 14, 15, 17 വാർഡുകളിലേക്ക് 105/25 എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഏറ്റെടുത്ത 103/25 നമ്പർ പ്രോജക്ടിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ലൈറ്റുകൾ അറ്റകുറ്റപ്പണിനടത്തി പ്രവർത്തനക്ഷമമാക്കി നൽകുന്നതിന് ലൈറ്റ് ഒന്നിന് 250/-രൂപ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 10, 11, 14, 15, 17 വാർഡുകളിലേക്ക് ഏറ്റെടുത്ത 105/25 പ്രോജക്ടിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയപ്പോൾ ലൈറ്റ് ഒന്നിന് 450/ രൂപ നിരക്കാണ് രേഖപ്പെടുത്തി ലഭിച്ചിട്ടുള്ളത്. ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായി നേരത്തെ അംഗീകരിച്ച 250/- രൂപ നിരക്കിനേക്കാൾ 200/- രൂപ കൂടുതലാണ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ള നിരക്ക് .29-11-24 ൽ സെക്രട്ടറി നിരക്ക് നെഗോഷിയേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കരാറുകാരന് കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 435/- രൂപ നിരക്കിൽ നെഗോഷിയേറ്റ് ചെയ്യുകയാണ് ചെയ്തത്. 12-3-25 ലെ കമ്മിറ്റി തീരുമാനപ്രകാരം മറ്റു 3 പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് അംഗീകരിച്ചുനല്കിയ തുക പ്രകാരം ടി പ്രവർത്തി ചെയ്യുന്നതിന് കത്ത് നല്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും പിന്നീട് നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

4) മിനിട്ട്സ് പരിശോധിച്ചതിൽ വഴിവിളക്ക് മെയിന്റനൻസ് സംബന്ധിച്ച് പരാതികൾ ഉണ്ട്. പല വാർഡുകളിലും വഴിവിളക്കുകൾ കേടായിരിക്കുന്ന വിവരം കരാറുകാരനെ പലപ്രാവശ്യം അറിയിച്ചുവെങ്കിലും നന്നാക്കിയില്ല. അതുപോലെ മുൻവർഷങ്ങളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി പ്രോജക്ട് ഏറ്റെടുക്കുകയും എന്നാൽ കുറ്റമറ്റ രീതിയിൽ ടിയാൾ പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല എങ്കിലും ടിയാളെ തന്നെ തൻവർഷവും ടി വർക്കിനായി സെലക്ട് ചെയ്തിട്ടുണ്ട് എന്ന് മിനിട്ട്സ് പരിശോധനയിൽ കാണുന്നു. പല കമ്മിറ്റി തീരുമാനങ്ങളും സെക്രട്ടറിയുടെ വിയോജനക്കുറിപ്പുകളോടെയാണ് പാസ്സാക്കിയിരിക്കുന്നത് എന്ന് കാണുന്നു. ഉദാഹരണമായി തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി പ്രോജക്ട് ടെണ്ടർ സ്വീകരിച്ച നടപടികളിൽ. തെരുവ് വിളക്കുകൾ

സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-28 ലേലം ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിച്ചില്ല - വാഹനം തുരുമ്പിച്ച് നാശോന്മുഖമായ അവസ്ഥയിൽ

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന KL-40A 8435 നമ്പർ ബൊലേറോ ജീപ്പ് രജിസ്ട്രേഷന് ശേഷം 15 വർഷം കാലാവധി 2023 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചതിനാൽ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള മെറ്റൽ സ്ക്രാപ്പ് ട്രേഡ് കോർപ്പറേഷൻ ലിമിറ്റഡ്(MSTC) വഴി ലേലം ചെയ്ത് രജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിക്ക് (RVSF) കൈമാറുന്നതിനായി വാഹനത്തിന് റിസർവ്വ് പ്രൈസ് 32104/-രൂപ നിശ്ചയിച്ച് കൊണ്ട് പി.ഡബ്ല്യൂ.ഡി.മെക്കാനിക്കൽ സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ 16.02.24 ൽ ഡി3/706/89/LBVI/EKM നമ്പരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. 23.07.2024 ലെ ഭരണ സമിതി യോഗത്തിലെ തീരുമാനം നം.4 പ്രകാരം വാഹനത്തിന്റെ വാല്യുവേഷൻ തുക 32104/- കണക്കാക്കിയത് അംഗീകരിക്കുകയും വാഹനം ലേലം/സ്ക്രാപ്പ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. KL-40 A-8435 നമ്പർ വാഹനം സ്ക്രാപ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 18.3.25 ലെ ജി.ഒ.(പി)നം.27/2025/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ 05.05.25 ലെ LSGD/JD/EKM/5713/2024-F6 നമ്പർ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ല ജോയിന്റ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

ഉപയോഗശൂന്യമായ വാഹനങ്ങൾ MSTC/NIC /GeM ഇ-ഓക്ഷൻ പോർട്ടൽ വഴി ലേലം ചെയ്ത് വാഹനം രജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിക്ക് കൈമാറുവാനും സ്ക്രാപ്പിംഗിന് ശേഷം Certificate Of Deposit (COD) RVSF ൽ നിന്നും ലഭ്യമാക്കുവാനുമാണ് പ്രസ്തുത സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുള്ളത്. വാഹനത്തിന്റെ Upset Value വീൽസ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുവാനും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. വാഹനം ലേലം ചെയ്യുന്നത് സംബന്ധിച്ച് 18.3.25 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം 10.3.2023 ൽ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്. പ്രസ്തുത വാഹനം ഗ്രാമപഞ്ചായത്ത് ഓഫീസ് വളപ്പിൽ സൂക്ഷിച്ചിട്ടുണ്ട്. വെയിലും മഴയും ഏൽക്കാതെ വാഹനം സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ തുരുമ്പെടുത്തും ചെടികൾ വളർന്നും വാഹനം ശോചനീയമായ അവസ്ഥയിൽ ആണ് ഉള്ളത്. ആയതിനാൽ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗം നിശ്ചയിച്ച് നൽകിയ വില പോലും വാഹനത്തിന് ലഭിക്കുമോയെന്ന കാര്യം സംശയകരമാണ്. വാഹനം ലേലം ചെയ്തു നൽകാത്തതിന്റെ കാരണം അറിയിക്കുവാനും വാഹനത്തിന്റെ രജിസ്ട്രേഷൻ മോട്ടോർ വാഹന വകുപ്പ് റദ്ദു ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് 18.7.25 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് വാഹനത്തിന്റെ രജിസ്ട്രേഷൻ അടിയന്തിരമായി റദ്ദു ചെയ്യുന്നതിനും വാഹനം ലേലം ചെയ്തു നൽകുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ രജിസ്ട്രേഷൻ അടിയന്തിരമായി റദ്ദു ചെയ്യേണ്ടതും 18.3.25 ലെ ജി.ഒ.(പി)നം.27/2025/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദേശാനുസരണം വാഹനം ലേലം ചെയ്തു നൽകേണ്ടതുമാണ്.

1-29 പൊതു ടാപ്പുകളുടെ വെള്ളക്കരം - വൻതുക കുടിശിക

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ നിലവിലുണ്ടായിരുന്ന 245 പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 7,00,000/-രൂപ 17.2.2024 ൽ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിലേക്കായി സംയുക്ത പരിശോധന നടത്തുകയും 10.9.2024 ൽ സംയുക്ത പരിശോധന റിപ്പോർട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുകയും ചെയ്തു. റിപ്പോർട്ട് പ്രകാരം, 24.7.24 മുതൽ 04.9.24 വരെയുള്ള കാലയളവിൽ ആണ് സംയുക്ത പരിശോധന നടന്നത്. അതാത് വാർഡ് മെമ്പർമാരാണ് ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് സംയുക്ത പരിശോധനയിൽ പങ്കെടുത്തത്. സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 278 പൊതുടാപ്പുകളും വിച്ഛേദിച്ചതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി പ്രതിമാസം വെള്ളക്കരം ബിൽ തന്നിരുന്നത് 245 ടാപ്പുകൾക്കായിരുന്നു. അതിൽ നിന്നും 33 ടാപ്പുകൾ സംയുക്ത പരിശോധനയിൽ അധികമായി കണ്ടെത്തുകയാണ് ചെയ്തിട്ടുള്ളത്. വാട്ടർ അതോറിറ്റി 13.11.24 ൽ പ്രവൃത്തിയുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. ഇതനുസരിച്ച് പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം 1,47,354/-രൂപ ചെലവഴിക്കാതെ ബാക്കി വന്നിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി തുക നിക്ഷേപിച്ചതിനു ശേഷം, പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 2,97,246/-രൂപ വീതം 2024 മെയ് മാസം വരെ (2024 മാർച്ച് ,ഏപ്രിൽ മാസങ്ങളിലെ

വെള്ളക്കരം) ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിന് കുടിശിക ഇനത്തിൽ തുകയൊന്നും അടവാക്കാനില്ലായിരുന്നു. 245 പൊതു ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം ഡിമാന്റ് തുകയാണ് 2,97,246/-രൂപ.

2024 മെയ് മാസത്തിനു ശേഷം നാളിതുവരെയായും വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് തുകയൊന്നും അടവാക്കിയിട്ടില്ല. പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് 17.02.24 ൽ തുക അടവാക്കിയിട്ടും സ്ഥാപനം തുടർനടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വെള്ളക്കരം അടവാക്കേണ്ടതില്ലെന്ന 12.7.24 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 3(1) നമ്പരായി തീരുമാനം എടുത്തതിനെ തുടർന്നാണ് വെള്ളക്കരം അടവാക്കുന്നത് നിർത്തി വെച്ചത്. ഫയൽ പരിശോധിച്ചതിൽ, വെള്ളക്കരം അടവാക്കുന്നത് നിർത്തി വെയ്ക്കുന്ന വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ചതായി കാണുന്നില്ല.

തുടർന്ന്, പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി തുക നൽകി അപേക്ഷ നൽകിയിട്ടുള്ളതിനാൽ വീണ്ടും വെള്ളക്കരം അടവാക്കേണ്ടതില്ലെന്നും വെള്ളക്കരം ഒഴിവാക്കി ലഭിക്കുന്നതിന് കേരള ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലപ്പെടുത്തിയും 25.11.2024 ലെ ഭരണസമിതി യോഗത്തിൽ 14/1 നമ്പരായി തീരുമാനം എടുത്തു. വാട്ടർ അതോറിറ്റി ഓഫീസിൽ അന്വേഷിച്ചതിൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ വാട്ടർ കണക്ഷൻ വിച്ഛേദിക്കുവാൻ സാധിക്കുകയില്ലെന്നും മുഴവൻ ടാപ്പുകളും വിച്ഛേദിക്കുന്നതു വരെ ബിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചതായും എന്നാൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം അവസാനിച്ചിട്ടും ബിൽ ലഭ്യമായതിനെ തുടർന്നാണ് 12.7.24 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വെള്ളക്കരം അടവാക്കേണ്ടതില്ലെന്നു തീരുമാനിച്ചതെന്നും പ്രസ്തുത ഭരണ സമിതി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വെള്ളക്കരം കുടിശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 19/21.7.25 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വെള്ളക്കരം ബില്ലുകൾ പരിശോധിച്ചതിൽ, അവസാനമായി ലഭിച്ചിട്ടുള്ള 2025 ജൂൺ മാസത്തെ ബിൽ പ്രകാരം(ബിൽ നമ്പർ-97703/10.7.25)പൊതുടാപ്പുകളുടെ എണ്ണം ‘0’ ഉം കുടിശിക 9,85,067/-രൂപയുമാണ്.

പൊതുടാപ്പുകൾ റദ്ദ് ചെയ്തു കഴിഞ്ഞാൽ മാത്രമേ ആനുപാതികമായി വെള്ളക്കരം വാട്ടർ അതോറിറ്റി ഒഴിവാക്കി നൽകുകയുള്ളുവെന്നത് വസ്തുതയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയാലും നടപടി ക്രമങ്ങൾ പാലിച്ച് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിനു ഒരു നിശ്ചിത കാലയളവ് എടുക്കും. സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം, ഇലക്ഷൻ പെരുമാറ്റച്ചട്ടം അവസാനിച്ചതിനു ശേഷം 2024 ജൂലൈ മാസത്തിൽ തന്നെ വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതത് വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യത്തിലാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. വസ്തുതകൾ ഇപ്രകാരമാണെന്നിരിക്കെ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കാതിരിക്കുന്നതിനും വാട്ടർ അതോറിറ്റിക്ക് എതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുമുള്ള തീരുമാനമാണ് ഭരണ സമിതി എടുത്തത്. എന്നാൽ നാളിതു വരെയായും നിയമനടപടി സ്വീകരിക്കുകയോ വെള്ളക്കരം അടവാക്കുകയോ ചെയ്യാത്തതു മൂലം പ്രതിമാസം പിഴപ്പലിശ ,ഫൈൻ എന്നിവയടക്കം വെള്ളക്കരം കുടിശിക ക്രമാതീതമായി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ഭരണ സമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2024 ഏപ്രിൽ മാസം വരെ പ്രതിമാസ വെള്ളക്കരം തുകയല്ലാതെ കുടിശിക ഇനത്തിൽ യാതൊരു തുകയും അടവാക്കാനില്ലായിരുന്ന ഗ്രാമപഞ്ചായത്തിന് പൊതുടാപ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്തിട്ടും നിലവിൽ പത്ത് ലക്ഷത്തോളം രൂപ വെള്ളക്കരം കുടിശികയിനത്തിൽ ബാദ്ധ്യത വന്നിരിക്കുകയാണ്. ബാദ്ധ്യത തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ല. ഓരോ മാസവും ലഭിക്കുന്ന വെള്ളക്കരം ബില്ലുകൾ ഒരു ഫയലിൽ സൂക്ഷിച്ചു വെയ്ക്കുകയാണ് ചെയ്യുന്നത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശിക സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ രേഖാമൂലം അറിയിക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പൊതുടാപ്പുകൾ റദ്ദാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ബാക്കി വന്ന 1,47,354/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതും 1,47,354/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതുമാണ്.

### 1-30 സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന രജിസ്ട്രേഷൻ നമ്പരുകളിലുള്ള വാഹനങ്ങളുടെ ഇൻഷുറൻസ് 2024-25 വർഷം പൊതുമേഖല ഇൻഷുറൻസ് സ്ഥാപനമായ നാഷണൽ ഇൻഷുറൻസ് കമ്പനിയിൽ

നിന്നുമാണ് എടുത്തിട്ടുള്ളത്.

| വാഹന രജിസ്ട്രേഷൻ നമ്പർ | ഇൻഷ്വറൻസ് തുക | വൗച്ചർ നമ്പർ /തീയതി |
|---|---|---|
| KL-40M 1934 | 11895/- | 22400097/02.5.24 |
| KL-40H 3253 | 9065/- | 22400097/02.5.24 |
| KL-40R 5720 | 29907/- | 22400367/24.7.24 |
| KL-40J 474 | 29553/- | 22400447/22.8.24 |

07.08.2021 ലെ സർക്കുലർ നമ്പർ-ബി2/278/2019-ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ 02/2024/ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy,Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിക്കാതെ പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 22/21.7.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വാഹനങ്ങളുടെ നിലവിലുള്ള ഇൻഷ്വറൻസിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കുന്നതാണെന്ന് അറിയിച്ചു. സർക്കാർ നിർദേശം പാലിച്ച് വാഹനങ്ങൾക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നു മാത്രം ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.

## 1-31 ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു.

പഞ്ചായത്ത് നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പേര്, വിലാസം | കൈപ്പറ്റിയ ആകെ തുക ₹ | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സജീവൻ കെ വി,<br>ചാലിപ്പറമ്പിൽ,<br>എരുമേലി വാർഡ്-2 | 40,000/- | 05.12.2023 |
| 2 | അബ്ദുൾ കലാം,<br>കോളീസ് ഹൗസ്,<br>എരുമേലി,<br>കുമാരപുരം പി ഒ | 40,000/- | 18.01.2024 |
| 3 | അഖിൽ പരമേശ്വരൻ,<br>കല്ലുൻകുടി ഹൗസ്,<br>ചെങ്ങര, പട്ടിമറ്റം | 40,000/- | 18.01.2024 |
| 4 | അനൂപ് കെ എ,<br>കാളങ്ങാട്ട് ഹൗസ്,<br>പുന്നോർക്കോട് | 40,000/- | 23.07.2024 |
| 5 | കൃഷ്ണപ്രിയ,<br>കുഴിക്കാട്ടിൽ,<br>മോറക്കാല,<br>കുമാരപുരം | 40,000/- | 28.02.2024 |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുവാനും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് 20.07.2025-ൽ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ചുവടെ ചേർക്കുന്ന മറുപടി ലഭിച്ചു.

1) ക്രമ നമ്പർ 1-ലെ ഗുണഭോക്താവ് ശ്രീ.സജീവൻ കെ. വി-യ്ക്ക് ഭവനനിർമ്മാണം ആരംഭിക്കാൻ കഴിയില്ലെന്നും തുക പലിശ സഹിതം തിരികെ അടയ്ക്കാൻ തയ്യാറാണെന്നും അറിയിച്ചതിനാൽ അതിനായി കെ-സ്മാർട്ട് മുഖേന അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2) ക്രമ നമ്പർ 2-ലെ ഗുണഭോക്താവ് ശ്രീ.അബ്ദുൾ കലാം-ന്റെ വീടിനായി തറ പണി പൂർത്തീകരിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

3) ക്രമ നമ്പർ 3, 4, 5 ലെ ഗുണഭോക്താക്കൾക്ക് രജിസ്റ്റേർഡ് തപാലിൽ അറിയിപ്പ് നൽകിയതിനെത്തുടർന്ന് 2025 ആഗസ്റ്റ് മാസത്തിന് മുൻപ് തറ പണി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും സാമ്പത്തിക കാരണങ്ങളാലാണ് പണി ആരംഭിക്കാത്തതെങ്കിൽ സ്പോൺസർഷിപ്പ് പോലെയുള്ള സംവിധാനം ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാവുന്നതുമാണ്. നിർമ്മാണം നടത്താത്ത പക്ഷം സർക്കാർ ഉത്തരവ് പ്രകാരം തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-32 എസ്.എസ്.കെ വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 287/25 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ. വിഹിതം നല്കൽ |
| അടങ്കൽ | 287760/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 287760/- |
| ബിൽനം.&തീയതി | 274/23-8-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു വിഹിതമായ 287760/- എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം.11/20-7-25)കൊടുത്തിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/22/തസ്വഭവ., തീ.19.01.2022 പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായ രേഖകളൊന്നും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക എസ്.എസ്.കെ. യ്ക്ക് കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിശദമായ വിനിയോഗ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 27/25 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം. വിഹിതം നല്കൽ |
| അടങ്കൽ | 120443/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 120443/- |
| ബിൽ നം.&തീയതി | 86/23.08.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം. വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം 120443/-രൂപ ഐ.കെ.എം. ന് നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20-7-25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 120443/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ദുരിതാശ്വാസനിധി - പ്രവർത്തനരഹിതം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച എസ്.ആർ.ഒ നമ്പർ 162/2003 പ്രകാരം പഞ്ചായത്തിൽ സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. (യൂണിയൻ ബാങ്കിൽ അക്കൗണ്ട് നം. 422802010023678) 2024-25 വർഷത്തിൽ ഈ അക്കൗണ്ടിൽ പണമിടപാടുകൾ ഒന്നും നടത്തിയിട്ടില്ല. ദുരിതാശ്വാസനിധി അക്കൗണ്ട് എന്നുമുതലാണ് ആരംഭിച്ചതെന്നും ഇപ്രകാരം നിഷ്ക്രിയമായിട്ടുള്ളത് ഏതു വർഷം മുതൽ ആണെന്നും അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി(21/21-7-25) കൊടുത്തിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷം നിക്ഷേപമോ ചെലവോ ഒന്നും ഈ അക്കൗണ്ടിൽ നടത്തിയിട്ടില്ല. പഞ്ചായത്തിൽ പല കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും

സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഫണ്ട് നിലവിൽ ആർക്കും യാതൊരുവിധ പ്രയോജനവുമില്ലാതെ നിഷ്ക്രിയമായിത്തുടരുന്നത് ആശാസ്യമല്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ 500/-രൂപ വരെ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്

## 1-35 ഇ-ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

2024-25 വർഷം ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഈ വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/21.07.2025) ലഭ്യമാക്കിയ മറുപടിയിൽ ഇത് പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്ന് അറിയിച്ചു. ഇ-ടെണ്ടർ ഫീ ഇനത്തിൽ 48280/- രൂപ അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ നിലവിൽ ഉണ്ട്(2024-25 വർഷത്തേത്). ഇ-ടെണ്ടർ നടപടികളിലൂടെ ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം മുതൽക്കൂട്ടി നൽകേണ്ടതാണ്.

## 1-36 എം.സി.എഫ് നിർമ്മാണം-പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 169/25 |
| പ്രോജക്ടിന്റെ പേര് | എം.സി.എഫ് നിർമ്മാണം |
| അടങ്കൽ | 1400000/-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>300000/-(തനത് ഫണ്ട്)<br>300000/-(തനത് ഫണ്ട്) |
| ചെലവ്, ബിൽ നം.തീയതി | 691604/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

കുന്നത്ത് നാട് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. നിർമ്മാണം നടത്തുന്നതിനായി 2000000/-രൂപ ആകെ അടങ്കലുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി 24-25 വർഷത്തിൽ എം.സി.എഫ്. നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 691604/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എം.സി.എഫ്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ, പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ഏതെല്ലാം വർക്കുകൾ ചെയ്തിട്ടുണ്ടെന്നും ഇനി എന്ത് വർക്കുകൾ കൂടി ചെയ്യാനുണ്ടെന്നും വ്യക്തമാക്കേണ്ടതാണ്. നിലവിലെ അവസ്ഥയും വിശദമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/20-7-25) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ കെട്ടിടത്തിന്റെ ഭിത്തികൾ കെട്ടി മേൽക്കൂര വാർത്തു, പ്ലാസ്റ്ററിംഗ് വർക്കുകൾ ചെയ്ത് സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. നിലവിൽ എസ്റ്റിമേറ്റ് പ്രകാരം ഉള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾ ചെയ്ത് എം.സി.എഫ്. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-37 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് കാലയളവിൽ നൽകിയ 7/19.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ വരുമാനം ഈടാക്കാൻ സാധിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം | സ്ഥാപനം | നികുതി ഇനം | രസീത് നം./ തീയതി | അടവാക്കിയ തുക (₹) |
|---|---|---|---|---|
| 1. | കോട്ടയിൽ ടൂറിസ്റ്റ് ഹോം, പട്ടിമറ്റം | 2024-25 രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയ തൊഴിൽ നികുതിയിൽ (ജീവനക്കാരുടെ) കുറവ് വന്ന തുക | R-G071006-25004128/23.07.2025 | 2550/- |
| 2. | എം.എസ്. ബോർഡ്സ് ആൻഡ് പാനെൽസ് | "" | R-G071006-25004166/23.07.2025 | 4800/- |

| | | | | |
|---|---|---|---|---|
| 3. | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, പട്ടിമറ്റം | "" | R-G071006-25004226/25.07.2025 | 420/- |
| 4. | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, പെരിങ്ങാല | "" | R-G071006-25004227/25.07.2025 | 300/- |
| 5. | പ്രഭാത് റെസിഡൻഷ്യൽ പബ്ലിക് സ്കൂൾ | 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി (സ്ഥാപനത്തിന്റെ) | R-G071006-25004195/25.07.2025 | 2500/- |
| 6. | സംസ്കാര സ്കൂൾ | "" | R-G071006-25004153/23.07.2025 | 2500/- |
| | ആകെ | | | ₹ 13,070/- |

## 1-38 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ

2024-25 സാമ്പത്തിക വർഷം കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി വിവിധ തീയതികളിലായി താഴെ രേഖപ്പെടുത്തിയിരിക്കും പ്രകാരം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | തീരുമാനം |
|---|---|---|
| 1 | 10-07-24 | കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ പുത്തൻപള്ളി കനാൽ ബണ്ട് റോഡ് റീ ടാറിംഗ് വാർഡ് 10 (പ്രോജക്ട് നം.61/24) പദ്ധതിയിൽ ടാർ ചെയ്തത് ഇളകി പോയതിനാൽ ആയത് പരിഹരിക്കണമെന്ന തീരുമാനം. |
| 2 | 10-07-24 | കുമാരപുരം കമ്മ്യൂണിറ്റി ഹാളിലും പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുവകകൾ കൈയൊഴിക്കുന്നതിനായി ടി വസ്തുക്കളുടെ വില നിശ്ചയിച്ച് നൽകുന്നതിനായി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി |
| 3 | 06-03-25 | 9-ാം വാർഡിൽ ചെങ്ങര സബ് സെന്റർ നവീകരണത്തിന്റെ ഭാഗമായി ( പ്രോജക്ട് നമ്പർ 179/25) എക്സ്കവേറ്റ് ചെയ്തപ്പോൾ ലഭിച്ച 24.82 എം ക്യൂബ് മണ്ണ് ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 4 | 10-07-24 | വാർഡ്-1 ലെ ചിറ്റനാട് അങ്കണവാടിയുടെ സമീപമുള്ള മതിൽകെട്ട് ഇടിഞ്ഞിരിക്കുന്നതിനാൽ അങ്കണവാടിയുടെ ക്ലാസുകൾക്കായി ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് തീരുമാനിച്ചു. |
| 5 | 23-07-24 | വെമ്പിള്ളി എൽ.പി.സ്കൂൾ മെയിന്റനൻസ് എന്ന പ്രവർത്തിയുടെ (പ്രോജക്ട് നം.97/24) നിർവ്വഹണത്തിന്റെ ഭാഗമായി ലഭ്യമായ 13.329 ക്യൂബിക് മീറ്റർ കരിങ്കല്ല് ഉപയോഗിച്ച് ടി സ്ഥലത്ത് ചെറുകിട മരാമത്ത് വേലകൾ ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി(23-7-24). |

മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്നുള്ള വിവരം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/25-7-25) മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 സാമ്പത്തിക വർഷം കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി മുകളിൽ പരാമർശിച്ച തീയതികളിൽ എടുത്ത തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-39 നവംബർ മാസത്തെ ശമ്പളച്ചെലവ്-ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല

21-12-2024 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (അടിയന്തിര യോഗം) തീരുമാനം നമ്പർ : 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2024 നവംബർ മാസത്തെ ജീവനക്കാരുടെ ശമ്പളം ഒഴികെയുള്ള മറ്റ് വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2024 നവംബർ മാസത്തെ ജീവനക്കാരുടെ ശമ്പളം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. എന്നാൽ 2024 നവംബർ മാസത്തെ വൗച്ചർ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളം ഇനത്തിൽ തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/23-7-25) ലഭ്യമാക്കിയ മറുപടിയിൽ ILGMS ൽ ജീവനക്കാരുടെ ശമ്പളം പ്രസിഡന്റ് ഓതറൈസ് ചെയ്യുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാലാണ് ടി ചെലവ് പഞ്ചായത്ത് ഓതറൈസ് ചെയ്യാതെ തുക മാറിയിട്ടുള്ളതെന്നും മുൻ മാസത്തെ ചെലവുകൾ തൊട്ടടുത്ത മാസത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ വെയ്ക്കുന്നതാണെന്നും അറിയിച്ചു. ഇതിന്റെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 ജൽജീവൻ മിഷൻ-അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ

ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പ്രൊജക്ട് രൂപീകരിച്ച് തുക കൈമാറിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് തല കർമ്മ പദ്ധതി പ്രകാരം ചുവടെ ചേർക്കുന്നതു പ്രകാരം ടാപ്പുകൾ ആവശ്യമുണ്ടായിരുന്നു.

ജൽജീവൻ പദ്ധതി നടത്തിപ്പിന് ആയി പമ്പ് ഹൗസിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ട്(നം.149/25-അടങ്കൽ-541181/-) സ്പിൽ ഓവറായി നടപ്പിലാക്കിവരുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം ജനസംഖ്യ 88698 ആണ്. പൈപ്പ് ലൈൻ ഡിസ്ട്രിബ്യൂഷൻ നീളം 222 കി.മീ. ആണ്. ഫസ്റ്റ് ഫെയ്സിൽ 1732 കണക്ഷൻ കൊടുത്തിട്ടുണ്ട്. സെക്കൻഡ് ഫെയ്സിൽ 114 കണക്ഷൻ കൊടുത്തിട്ടുണ്ട്. സെക്കൻഡ് ഫെയ്സ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

## 1-41 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

### 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | *0* | *0* | *0* | *0* |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | *0* | *324757/- (321305/- അലോട്ട്മെന്റ് + 3452/- പലിശ)* | *1081467/- (1069000/- അലോട്ട്മെന്റ് + 12647/- പലിശ)* | *467786/- (447000/- അലോട്ട്മെന്റ് + 20786/- പലിശ)* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | *0* | *0* | *0* | *0* |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | *0* | *0* | *0* | *0* |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇൻടു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | *0* | *192124/- (190000/- അലോട്ട്മെന്റ് + 2124/- പലിശ)* | *447650/- (439000/- അലോട്ട്മെന്റ് + 8650/- പലിശ)* | *715290/- (698000/- അലോട്ട്മെന്റ് + 17290/- പലിശ)* |

*കുറിപ്പ്:- 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.*

### 2.ഹെൽത്ത് ഗ്രാന്റിന്റെ നാളിതുവരെ യുള്ള വിനിയോഗ വിവരം .

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | 0 | 0 | 0 | 0 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | 0 | 2,68,210 | 4,93,520 | 5,45,248 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | 0 | 0 | 0 | 0 |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 0 | 0 | 0 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇൻടു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 0 | 1,52,319 | 3,76,704 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | | | | |
|---|---|---|---|---|
| പ്രോജക്ട് | ചെലവ് | | | |
| | 2021-22 | 2022-23 | 2023-24 | 2024-25 |
| കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും ഉപകേന്ദ്രങ്ങളിലേക്കും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 0 | ₹2,68,210 | ₹4,93,520 | ₹5,45,248 |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇൻടു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | | |
| കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും ഉപകേന്ദ്രങ്ങളിലേക്കും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 0 | 0 | ₹1,52,319 | ₹3,76,704 |

## 3. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിവരം .

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

## 4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. (320100202) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ A/C No.422802010024454) | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ A/CNo.422802010024456) |
|---|---|---|
| മുന്നിരിപ്പ് | ₹6,44,494 | ₹4,87,455 |
| വരവ് (പലിശ ഉൾപ്പെടെ) | ₹4,67,786 | ₹7,15,290 |
| ആകെ | ₹11,12,280 | ₹12,02,745 |
| ചെലവ് | ₹5,45,248 | ₹3,76,704 |
| നീക്കിയിരിപ്പ് | ₹5,67,032 | ₹8,26,041 |

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കി: 7748/-രൂപ നഷ്ടം

സ.ഉ(കൈ)നം.97/2024 തീയതി 30.07.2024 ഉത്തരവിൽ കെട്ടിട നിർമ്മാണ പെർമിറ്റിന് ഈടാക്കേണ്ട നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ താമസാവശ്യത്തിനുള്ള 300ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ഫീസ് ചതുരശ്രമീറ്ററിന് ₹100.00 ആണ്. എന്നാൽ താഴെ ചേർക്കുന്ന സ്പെഷ്യൽ റെസിഡൻസ് വിഭാഗത്തിൽ പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ താമസാവശ്യത്തിനുള്ളവ എന്ന വിഭാഗത്തിലുൾപ്പെടുത്താതെ മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് ₹90.00 നിരക്കിൽ ഫീസീടാക്കിയതിനാൽ 7748/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് നമ്പർ/ തീയതി | ഈടാക്കിയ ഫീസ് (തറ വിസ്തീർണ്ണം X ₹90/ച.മീ) | ഈടാക്കേണ്ട ഫീസ് (തറ വിസ്തീർണ്ണം X ₹100/ച.മീ) | കുറവ് |
|---|---|---|---|---|---|
| 1 | മുഹമ്മദ് അഷറഫ്, മുറിയങ്കര, | A2-BA(266999)/ 2024/ | 432.05ച.മീ.X90 =38,885 | 432.05ച.മീx100 =43,205 | ₹4320 |

| | | | | | |
|---|---|---|---|---|---|
| | പെരിങ്ങാല | 17.08.2024 | | | |
| 2 | അമൽ കോലത്ത് & വിദ്യ വിജയൻ, കോലത്തുകുടി, കുത്താട്ടുകുളം | A2-BA(296607) /2024/ 18.09.2024 | 342.87ച.മീx90 =30,859 | 342.87ച.മീx100 =34287 | ₹3428 |
| | | | | ആകെ | ₹7748 |

ഇത് സംബന്ധിച്ച് നൽകിയ 23.07.2025-ലെ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. കുറവ് വന്ന തുക അപേക്ഷകരിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കുറവായി ഈടാക്കിയത് വഴി ഗ്രാമ പഞ്ചായത്തിന് ₹ 6,390/- നഷ്ടം

സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭ.വ, തീയതി 27-06-2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പുതിയ നിരക്കുകൾ 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല: വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കേണ്ടിയിരുന്ന തുക (₹) | ഈടാക്കിയ തുക(₹) | രസീത് നമ്പർ | കുറവ്(₹) |
|---|---|---|---|---|---|---|---|
| 1. | എം എസ് പ്ലൈവുഡ്സ് | അബൂബക്കർ എം എം | 55,977 | 750 | 450 | 1240106685/ 27.02.2025 | 300 |
| | | ആഷിക്ക് എം യു | 46,392 | 750 | 450 | "" | 300 |
| | | ആയിഷ ഇബ്രാഹിം | 45,654 | 750 | 450 | "" | 300 |
| | | ജോർജ് സി പി | 59,000 | 750 | 450 | "" | 300 |
| | | കുട്ടൻ | 55,140 | 750 | 450 | "" | 300 |
| | | മനോജ് | 60,604 | 750 | 600 | "" | 150 |
| | | റാഹത് അഷ്റഫ് | 52,941 | 750 | 450 | "" | 300 |
| | | ഉമേഷ് എസ് | 30,035 | 600 | 300 | "" | 300 |
| | | മഹിദ സി എ | 48,569 | 750 | 450 | "" | 300 |
| | | അജി അബൂബക്കർ | 49,232 | 750 | 450 | "" | 300 |
| | | ഷംനാസ് കെ പി | 59,505 | 750 | 450 | "" | 300 |
| | | ബഷീർ പി എം | 41,446 | 600 | 300 | "" | 300 |
| | | സജിത്ത് പി എം | 56,479 | 750 | 450 | "" | 300 |
| | | ഹരി | 50,667 | 750 | 450 | "" | 300 |
| | | ഹഗ്രോത് ആലി | 27,783 | 450 | 180 | "" | 270 |
| 2. | മിനി മുത്തൂറ്റ് നിധി, പട്ടിമറ്റം | ചിന്നു ജെയിംസ് | 57,000 | 750 | 450 | 1240107155 | 300 |
| | | ബിറ്റി ബേബി | 57,000 | 750 | 450 | "" | 300 |
| | | ശൽബി കെ ബി | 57,000 | 750 | 450 | "" | 300 |
| 3. | സാംസൺ മോട്ടോർസ് | ഗോപു | 62,972 | 750 | 600 | 1240106768/ 28.02.2025 | 150 |
| | | ജിജോ സാം | 29,517 | 450 | 180 | "" | 270 |
| | | വിഷ്ണു വിജയൻ | 51,048 | 750 | 450 | "" | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | രഞ്ജിത്ത് | 51,866 | 750 | 450 | "" | 300 |
| 4. | ട്രാവൻകൂർ ഹൈഡ്രോ ടെക് പ്രൈവറ്റ് ലിമിറ്റഡ് | സിറിൽ സി വർഗീസ് | 72,000 | 750 | 600 | 1240106781/ 01.03.2025 | 150 |
| ആകെ വരുമാന നഷ്ടം | | | | | | | ₹6,390/- |

കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്ന് ഈടാക്കി, വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വഴി സൗകര്യത്തിനനുസരിച്ച് വസ്തുനികുതിയിന്മേൽ വർദ്ധനവ് വരുത്തിയില്ല; 3989.06/- രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ) ചട്ടം 6 പ്രകാരം, വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി അടിസ്ഥാന വസ്തുനികുതിയിന്മേൽ ഇളവുകളും വർധനവുകളും അനുവദിക്കുന്നതാണ്. ചട്ട പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവ് ബാധകമാണ്. 5 മീറ്ററിൽ കുറവും, 1 മീറ്ററിനേക്കാൾ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് ഇല്ല.

21.08.2023 ൽ നടന്ന സാധാരണ യോഗത്തിൽ, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ റോഡുകളെയും നടപ്പാതകളെയും റോഡിന്റെ വീതിക്കനുസരിച്ച് തരംതിരിച്ച് അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്.

ചുവടെ ചേർത്തിരിക്കുന്ന 2024-25 യിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന/സമീപമുള്ള റോഡുകൾ 5 മീറ്ററിൽ കൂടുതൽ വീതിയുള്ളതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതാണെങ്കിലും, ടി കെട്ടിടങ്ങൾക്ക് സഞ്ചയയിൽ "1.5 മീറ്ററിൽ കൂടുതൽ" എന്ന് രേഖപ്പെടുത്തി വസ്തുനികുതിയിന്മേൽ ചുമത്താവുന്ന 20% വർധനവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ സമീപമുള്ള റോഡ് | തരം | വിസ്തീർണ്ണം | ബാധകമായ വസ്തു നികുതി നിരക്ക് | അടി സ്ഥാന വസ്തു നികുതി | മേഖലാടിസ്ഥാനത്തിൽ നൽകിയ ഇളവ്, തറ നിർമിതിക്ക് നൽകിയ വർദ്ധനവ് | 5% ലൈബ്രറി സെസ്സ് ഉൾപ്പടെ ഈടാക്കിയ തുക (₹) | അടിസ്ഥാന വസ്തു നികുതിയിന്മേൽ ഈടാക്കേണ്ടിയിരുന്ന വർദ്ധനവ് | 5% ലൈബ്രറി സെസ്സ് ഉൾപ്പടെ ഈടാക്കേണ്ടിയിരുന്ന ആകെ തുക (₹) | കുറവ് (₹) |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 4/13-സി | ജയ്സൺ ജോയ് | പഴന്തോട്ടം ഞാറല്ലൂർ റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം, 300 ച മീ വരെ | 122.77 | 6. 3 | 773.451 | 10%, 0 | 730.9 | 20% | 893.336 | 162.43 |
| 2 | 5/222ബി | അജീഷ് ടി ഒ | ഇരുപ്പുമ്പാറ കുട്ടകാഞ്ഞിരം റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം, 300 ച മീ വരെ | 129.26 | 6. 3 | 814.338 | 10%, 0 | 769.54 | 20% | 940.56039 | 171.02 |
| 3 | 5/279എ | ലവിൻ മാത്യൂ | ഇരുപ്പുമ്പാറ കുട്ടകാഞ്ഞിരം റോഡ്// പ്രഥമം | പാർപ്പിടാവശ്യം-300 ച.മീറ്ററിൽ മുകളിലുള്ളവ | 304.83 | 10.5 | 3200.71 | 0, 15% | 3864.86 | 20% | 4537.01 | 672.15 |
| 4 | 9/574സി | സിറിൽ കെ എം | ചിത്രപ്പുഴ പോഞ്ഞാശ്ശേരി റോഡ്/ ദ്വിതീയം | മറ്റ് പ്രത്യേക പാർപ്പിടാവശ്യം, 300 ച മീ വരെ | 76.5 | 73.5 | 5622.75 | 10%, 0 | 5313.5 | 20% | 6494.28 | 1180.78 |
| 5 | 14/370എ | ഷാജൻ വേലായുധൻ | പാടത്തിക്കര പിണർമുണ്ട റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം, 300 ച മീ വരെ | 91.71 | 6. 3 | 577.773 | 10%, 0 | 546 | 20% | 667.33 | 121.32 |
| 6 | 14/507ഇ | കെ കെ ശ്രീകുമാർ | പാടത്തിക്കര പിണർമുണ്ട റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം, 300 ച മീ വരെ | 139.86 | 6. 3 | 881.1 | 10%, 0 | 832.66 | 20% | 1017.67 | 185 |
| 7 | 15/278എ | ദേവദാസ് കെ വി | പാടത്തിക്കര പിണർമുണ്ട റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം, 300 ച മീ വരെ | 73.14 | 6. 3 | 460.78 | 10%, 0 | 435.44 | 20% | 532.2 | 96.76 |
| 8 | 17/445ബി | ബേബി സി | മോറക്കാല | പാർപ്പിടാവശ്യം, | 205.45 | 6. 3 | 1294.34 | 10%, 0 | 1223.15 | 20% | 1494.96 | 271.81 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | യു | പറക്കോട് റോഡ്/ ദ്വിതീയം | 300 ച മീ വരെ | | | | | | | | |
| 9 | 14/501E1 | അനസ് എ എൻ | പാടത്തിക്കര മാങ്കുളം പിണർമുണ്ട റോഡ്/ ദ്വിതീയം | പാർപ്പിടാവശ്യം- 300 ച.മീറ്ററിൽ മുകളിലുള്ളവ | 59.66 | 10.5 | 626.43 | 10%, 0 | 591.98 | 20% | 723.52 | 131.54 |
| 10 | 14/501E2 | | | | 54.78 | 10.5 | 575.19 | 10%, 0 | 543.55 | 20% | 664.34 | 120.8 |
| 11 | 14/501E3 | | | | 26.28 | 10.5 | 275.94 | 10%, 0 | 260.763 | 20% | 318.71 | 57.95 |
| 12 | 14/501E4 | | | | 45.54 | 10.5 | 478.17 | 10%, 0 | 451.87 | 20% | 552.286 | 100.41 |
| 13 | 14/501E5 | | | | 62.15 | 10.5 | 652.6 | 10%, 0 | 616.71 | 20% | 753.75 | 137.04 |
| 14 | 14/501E6 | | | | 54.79 | 10.5 | 575.3 | 10%, 0 | 543.65 | 20% | 664.45 | 120.79 |
| 15 | 14/501E7 | | | | 36.04 | 10.5 | 378.42 | 10%, 0 | 357.6 | 20% | 437.075 | 79.47 |
| 16 | 14/501E8 | | | | 55.3 | 10.5 | 580.65 | 10%, 0 | 548.71 | 20% | 670.65 | 121.94 |
| 17 | 14/501E9 | | | | 62.15 | 10.5 | 652.58 | 10%, 0 | 616.69 | 20% | 753.73 | 137.04 |
| 18 | 14/501E10 | | | | 54.79 | 10.5 | 575.3 | 10%, 0 | 543.66 | 20% | 664.47 | 120.81 |
| ആകെ വരുമാന നഷ്ടം | | | | | | | | | | | | 3989.06 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 18/21.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

വഴി സൗകര്യം തെറ്റായ വിഭാഗത്തിൽ രേഖപ്പെടുത്തുന്നത് മൂലം ഗ്രാമപഞ്ചായത്തിന് വർഷാവർഷം വരുമാന നഷ്ടം ഉണ്ടാവുന്നതാണ്. മേൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മൂന്ന് മാസത്തിൽ കൂടുതൽ കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ചു-6550/-രൂപ അധികച്ചെലവ്

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീമതി സുജ ടി.എസ്. 15.5.2024 മുതൽ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് അക്കൗണ്ടന്റ് ശ്രീ.വിനു പി.എൻ. 15.5.24 മുതൽ 19.12.24 വരെ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്തതിനോടൊപ്പം ഹെഡ് ക്ലർക്കിന്റെ പൂർണ്ണ അധികച്ചുമതല വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.01.25 ലെ ഉത്തരവ് പ്രകാരം ഹെഡ് ക്ലർക്കിന്റെ ശമ്പള സ്കെയിലിന്റെ മിനിമം തുകയായ 39300/-രൂപയുടെ 4 ശതമാനം വരുന്ന തുക അധിക ചുമതല വഹിച്ച 215 ദിവസത്തേക്ക് 11266/-രൂപ ചാർജ് അലവൻസ് ഇനത്തിൽ ശ്രീ.വിനു പി.എൻ. ന് അനുവദിച്ചു(വൗച്ചർ നമ്പർ-22400891/06.01.25).

കെ.എസ്.ആർ.പാർട്ട് 1, റൂൾ 53 പ്രകാരം പൂർണ്ണ അധികച്ചുമതലയിൽ ഇരുന്ന തസ്തികയുടെ മിനിമം ശമ്പളത്തിന്റെ 4 ശതമാനം നിരക്കിൽ പരമാവധി 3 മാസത്തേക്കു മാത്രമേ (90 ദിവസം) ചാർജ് അലവൻസിന് അർഹതയുള്ളൂ. അതായത് ഇവിടെ 15.5.24 മുതൽ 12.8.24 വരെയുള്ള 90 ദിവസത്തേക്ക് 4716/-രൂപ മാത്രമേ ചാർജ് അലവൻസ് ഇനത്തിൽ അർഹതയുള്ളൂ. എന്നാൽ 13.08.24 മുതൽ 125 ദിവസത്തേക്ക് കൂടി ചാർജ് അലവൻസ് അനുവദിച്ചതു മൂലം 6550/-രൂപ ശ്രീ.വിനു പി.എൻ, അക്കൗണ്ടന്റ് അധികമായി കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരം പൂർണ്ണ അധികച്ചുമതല നൽകി കൊണ്ട് ഓഫീസ് മേധാവി ഉത്തരവ് പുറപ്പെടുവിക്കുകയും അധികച്ചുമതല വഹിക്കുന്ന സ്ഥാനത്ത് നിന്നും പോയ ജീവനക്കാരനിൽ നിന്നും ചുമതല ഏറ്റുവാങ്ങുകയും ചെയ്യണം. ഇപ്രകാരം സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവും ഹെഡ് ക്ലർക്കിന്റെ ചുമതല അക്കൗണ്ടന്റ് ഏറ്റുവാങ്ങിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അനുവദനീയമായ കാലാവധിക്കു ശേഷം ചാർജ് അലവൻസ് ഇനത്തിൽ അനുവദിച്ച 6550/-രൂപ നിരാകരിക്കുന്നു. ആയത് ശ്രീ.വിനു പി.എൻ, അക്കൗണ്ടന്റിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തുക അനുവദിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 04/18.7.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചാർജ് അലവൻസ് ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക ശ്രീ. വിനു പി.എൻ, അക്കൗണ്ടന്റിൽ നിന്നും തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 13* | ₹82,000* | ₹82,000/- | ഇല്ല |

* 13 ജീവനക്കാർ X ₹500 X 4 മാസം = ₹26,000/-

14 ജീവനക്കാർ X ₹500 X 8 മാസം = ₹56000/-

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| - | - | ഇല്ല | - | - |

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| - | - | ഇല്ല | - | - |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാപഞ്ചായത്ത് | ₹87,500 | നെൽ കൃഷി വികസനം കൂലിച്ചെലവ് സബ്സിഡി (S28/25) | ₹87,500 | 0 |
| എറണാകുളം ജില്ലാപഞ്ചായത്ത് | ₹1,70,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (S03/25) | ₹1,70,000 | 0 |
| എറണാകുളം ജില്ലാപഞ്ചായത്ത് | ₹2,00,000 | ലൈഫ് ഭൂമി വാങ്ങൽ (ജനറൽ) (S12/25) | ₹2,00,000 | 0 |
| എറണാകുളം ജില്ലാപഞ്ചായത്ത് | ₹6,00,00 | ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (S1/25) | ₹60000 | 0 |
| എറണാകുളം ജില്ലാപഞ്ചായത്ത് | ₹3,80,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S45/25) | ₹3,80,000 | 0 |

| | | | | |
|---|---|---|---|---|
| ആകെ | ₹8,97,500 | | ₹8,97,500 | |
| വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ₹5,10,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (S03/25) | ₹5,10,000 | 0 |
| വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ₹98,657 | ലൈഫ് ഭവന നിർമ്മാണം(SC) (S14/25) | ₹98,657 | 0 |
| വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ₹2,15,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S45/25) | ₹2,15,000 | 0 |
| വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ₹12,500 | നെൽ കൃഷി വികസനം കൂലിച്ചെലവ് സബ്സിഡി (S28/25) | ₹12,500 | 0 |
| ആകെ | ₹ 8,36,157 | | ₹8,36,157 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | ബാക്കി | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | | |
| ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | സ.ഉ. (എം.എസ്.) 111/2018/ ത.സ്വ.ഭ.വ. /18.5.2018 | 1,78,20,000 | 94,20,502 | 0 | 2111906 | 0 | 73,08,596 | 73,08,596 |

ഉത്ഭവത്തിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക (₹) |
|---|---|---|
| 260/25 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ)രണ്ടാം ഗഡു | 857982 |
| 262/25 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) മൂന്നാം ഗഡു | 879924 |
| 261/25 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) രണ്ടാം ഗഡു | 197850 |
| 263/25 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) മൂന്നാം ഗഡു | 176150 |
| | ആകെ | ₹2111906 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹10,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹10,00,000.00 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹10,00,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| രസീത് നം. | തുക | ബാങ്ക് |
|---|---|---|
| 1223049 | ₹10,00,000.00 | കേരള ഗ്രാമീൺ ബാങ്ക്, പട്ടിമറ്റം അക്കൗണ്ട് നം. 40674141700052 |

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 83140/- രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-16 | 1200 | ഐ ബി എം പ്ലാസ്റ്റിക്സ് | 1230103904/17.08.2023 |
| 2 | 2021-22 | 1-16 | 4080 | റോക്കറ്റ് ഓട്ടോ എഞ്ചിനീയേഴ്സ് | 1230104052/23.08.2023 |
| 3 | 2021-22 | 1-16 | 720 | സേവന മെഡി നീഡ്സ് പ്രൈ.ലി. | 1230104081/24.08.2023 |
| 4 | 2021-22 | 1-16 | 15100 | ഷബീർ മുഹമ്മദ് | 1230104253/02.09.2023 |
| 5 | 2021-22 | 1-16 | 2880 | സെൻറ് മേരീസ് മെറ്റൽസ് | 1230104270/02.09.2023 |
| 6 | 2021-22 | 1-16 | 2160 | വി കെ എഞ്ചിനീയറിംഗ് | 1230104700/15.09.2023 |
| 7 | 2021-22 | 1-16 | 1080 | ചന്ദ്ര മോട്ടോഴ്സ് | 1230105975/18.10.2023 |
| 8 | 2021-22 | 1-16 | 2160 | ഷിഹാബ് എം എ | 1230106939/20.11.2023 |
| 9 | 2021-22 | 1-16 | 2160 | ലീല ജോർജ്ജ് | 1230109467/07.02.2024 |
| 10 | 2021-22 | 1-16 | 2160 | ലീല ജോർജ്ജ് | 1230109468/07.02.2024 |
| 11 | 2021-22 | 1-16 | 3240 | നസീറ അബ്ദുൾ സലാം | 1230109473/07.02.2024 |
| 12 | 2021-22 | 1-16 | 1440 | ഡാഡ്സ് റെസ്റ്റോറൻറ് | 1230109596/13.02.2024 |
| 13 | 2021-22 | 1-16 | 17000 | മോഡേൺ ഇലക്ട്രോമെക്സ് | 1230109703/16.02.2024 |
| 14 | 2021-22 | 1-16 | 16000 | മോഡേൺ ഇലക്ട്രോമെക്സ് | 1230109704/16.02.2024 |
| 15 | 2021-22 | 1-16 | 8640 | ഗ്രാൻറ് ഇൻഡസ്ട്രീസ് | 1230109949/26.02.2024 |
| 16 | 2021-22 | 1-16 | 3120 | എസ് ടി എം എഞ്ചിനിയേഴ്സ് & ഓട്ടോമൊബീൽ വർക്ക്ഷോപ്പ് | 1230109973/27.02.2024 |
| | | ആകെ | 83140 | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 38 | 2001-02 | V-7-2(I) | അധിക നിരക്കിൽ സബ്സിഡി നല്കി. | സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ട്. |
| 2014-15 | 2-2 | 2016-17 | 4.5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 500/- രൂപയാക്കിയത് | തുക ഈടാക്കിയതായി അറിയിച്ചു. |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹87436884.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹60683601.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹18,127.06 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹6550.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹401794.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 7,748.00 | | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |
| 2-2 | 6,390.00 | | ശ്രീ. പി. എ. മുഹമ്മദ് ഹാഷിം, സെക്രട്ടറി |
| 2-3 | 3989.06 | | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-1 | | 6550.00 | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | ₹1,75,637 | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |
| 1-23 | ₹5,563 | ഡോ. ഷൈനി ഹരിലാൽ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-24 | ₹1,00,151 | ഡോ. അനൂപ് ജോസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-33 | ₹1,20,443 | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |
| ആകെ | ₹4,01,794 | |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം (സി)

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദീപു ദിവാകരൻ, സെക്രട്ടറി | സെക്രട്ടറി, പൂതൃക്ക ഗ്രാമപഞ്ചായത്ത് | ചാപ്പുരയിൽ വീട്, പൂത്തൃക്ക പി.ഒ., പുത്തൻകുരിശ് – 682308 |
| ശ്രീ പി എ മുഹമ്മദ് ഹാഷിം, സെക്രട്ടറി | സെക്രട്ടറി, ഐക്കരനാട് ഗ്രാമ പഞ്ചായത്ത് | അലിയാർ മൻസിൽ, തൃക്കാക്കര പി ഒ, തൃക്കാക്കര നോർത്ത് പാർട്ട് |
| ഡോ. ഷൈനി ഹരിലാൽ മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, കുമാരപുരം | ഫ്ലാറ്റ് നം. 60, ആബാദ് - ഡാഫോഡിൽ ഗാർഡൻ, ഗവണ്മെന്റ് ആർട്സ് കോളേജിന് സമീപം, മാർക്കറ്റ് റോഡ്, തൃപ്പൂണിത്തുറ |
| ഡോ. അനൂപ് ജോസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, കുമാരപുരം | പാറേപുരയ്ക്കൽ, കാഞ്ഞാർ പി. ഒ, തൊടുപുഴ, ഇടുക്കി 685597 |

4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് (അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം) |
|---|---|---|
| 1998-99 | കെഎസ്എ-ഇകെഎം/പി1/683/18,04.07.2019 | 1 |
| 1999-00 | എൽഎഫ്ഇ(പി1)714/03, 15.09.2003 | 22 |
| 2004-05 | എൽഎഫ്ഇ(പി1)251/12, 13.09.2012 | 13 |
| 2005-06 | എൽഎഫ്ഇ(പി1)250/12, 13.09.2012 | 22 |
| 2006-7, 2008-09, 2010-11 | എൽഎഫ്ഇ(പി1)251/13, 20.03.2013 | 30 |
| 2009-10 | എൽഎഫ്ഇ(പി1)1923/12, 10.01.2013 | 16 |
| 2011-12 | കെ.എസ്.എ-ഇകെഎം/പി1/683/18, 04.07.2019 | 2 |
| 2012-13 | കെ.എസ്.എ-ഇകെഎം/പി1/683/18, 04.07.2019 | 1 |
| 2013-14, 2014-15 | കെ.എസ്.എ-ഇകെഎം/പി1/683/18, 04.07.2019 | 4 |
| 2015-16 | കെ.എസ്.എ-ഇകെഎം/പി1/683/18, 04.07.2019 | 6 |
| 2016-17 | കെ.എസ്.എ-ഇകെഎം(പി1)/1422/17, 20.06.2018 | 12 |
| 2017-18 | കെ.എസ്.എ-ഇകെഎം/പി1)//2150/18, 08.07.2019 | 8 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം (പി1) 1552/2019/ 25.10.19 | 11 |
| 2019-20 | നം.കെ.എസ്.എ.-ഇകെഎം (പി1) 514/2021/ 31.3.2021 | 17 |
| 2020-21 | നം.കെ.എസ്.എ-ഇകെഎം(പി1)1951/2021/06.04.22 | 60 |

| | | |
|---|---|---|
| 2021-22 | നം.കെ.എസ്.എ-ഇകെഎം(പി1)66/2023 /28.03.2023 | 42 |
| 2022-23 | നം.കെ.എസ്.എ-ഇകെഎം(പി1)1325/2023/25.10.2023 | 52 |
| 2023-24 | നം.കെ.എസ്.എ-ഇകെഎം(പി1)977/2024/ 03/09/2024 | 46 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 07-07-2025 and submitted on 11-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kunnathunad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kunnathunad Grama Panchayat as on 31-03-2025

Date: 03/09/2025

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Kunnathunad Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. In Cash Flow statement- Net increase / decrease in cash flow does not match with Net cash generated by Operating + Investing + Financing Activity.

2. Demand amount in the case of profession tax- employees names in between DCB statement and AFS schedule.

3. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്